2023
MARCH
16
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO

## മൊത്തവിപണിയിൽ വിലക്കയറ്റം കുറഞ്ഞു



**ന്യൂഡൽഹി:** ചെറുകിട വിപണിയിലെ വിലക്കയറ്റം ഉയർന്ന നിലയിലാണെങ്കിലും മൊത്തവിപണിയിലെ വിലക്കയറ്റം വീണ്ടും കുറഞ്ഞു. ഫെബ്രുവരിയിലെ മൊത്തവില അടിസ്ഥാനമാക്കിയുള്ള (ഡബ്ല്യുപിഐ) നാണ്യപ്പെരുപ്പ നിരക്ക് കഴിഞ്ഞ 25 മാസത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 3.85 ശതമാനമായി. ജനുവരിയിൽ ഇത് 4.73 ശതമാനവും ഡിസംബറിൽ 4.95 ശതമാനവുമായിരുന്നു. 2022 ഫെബ്രുവരിയിൽ നിരക്ക് 13.43 ശതമാനമായിരുന്നു. 19 മാസമായി രണ്ടക്കസംഖ്യയായിരുന്ന ഡബ്ല്യുപിഐ നിരക്ക് ഒക്ടോബറിലാണ് 8.39ലേക്ക് കുറഞ്ഞത്.

ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട നാണ്യപ്പെരുപ്പ തോത് 3.81 ശതമാനമായി ഉയർന്നു. ജനുവരിയിൽ ഇത് 2.38% ആയിരുന്നു. ക്രൂഡ് പെട്രോളിയം, രാസവസ്തുക്കൾ, ഇലക്ട്രിക്കൽ ഉൽപന്നങ്ങൾ, വാഹനങ്ങൾ അടക്കമുള്ളവയുടെ വിലയിലെ കുറവാണ് നിരക്ക് കുറച്ചത്. ചെറുകിട വിപണിയിൽ (സിപിഐ) വിലക്കയറ്റം ഉയർന്ന നിലയിൽ തുടരുന്നതിനാൽ ഏപ്രിലിൽ പലിശനിരക്കിൽ 0.25% വർധനയുണ്ടാകുമെന്നാണ് സൂചന.

# എസ്‌വിബിയിലെ നിക്ഷേപം ഇന്ത്യൻ ബാങ്കുകളിലേക്ക്

## ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിലേക്ക് ഒഴുക്ക്

**കൊച്ചി:** യുഎസിലെ സിലിക്കൺ വാലി ബാങ്ക് (എസ്‌വിബി) തകർച്ച ഇന്ത്യയിലെ ബാങ്കുകൾക്കു നേട്ടമാകുന്നു. ഇന്ത്യൻ സ്റ്റാർട്ടപ്പുകളുടേതും ഇന്ത്യൻ അമേരിക്കൻ സ്റ്റാർട്ടപ്പുകളുടേതുമായി എസ്‌വിബിയിലുണ്ടായിരുന്ന 1700 കോടിയോളം രൂപയ്ക്കു തുല്യമായ ഡോളർ നിക്ഷേപത്തിന്റെ നല്ല പങ്കും ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിലുള്ള ബാങ്ക് ശാഖകളിലേക്കാണ് എത്തുന്നത്.




എസ്‌വിബിയിലെ ഇൻഷുർ ചെയ്തതും അല്ലാത്തതുമായ മുഴുവൻ നിക്ഷേപവും റിസീവറായി നിയമിക്കപ്പെട്ട യുഎസ് ഫെഡറൽ ഡിപ്പോസിറ്റ് ഇൻഷുറൻസ് കോർപറേഷൻ പുതുതായി രൂപീകരിച്ച ബ്രിജ് ബാങ്ക് എന്ന താൽക്കാലിക സംവിധാനത്തിലേക്കു മാറ്റിയിരുന്നു. തകർന്ന ബാങ്കിൽനിന്ന് ഇഷ്ടമുള്ള ബാങ്കുകളിലേക്കു നിക്ഷേപം മാറ്റാൻ അക്കൗണ്ട് ഉടമകൾക്ക് അവസരം നൽകുന്നതിനുവേണ്ടിയുള്ള സംവിധാനമാണിത്. ഈ അവസരം ഉപയോഗിച്ചാണ് ഇന്ത്യൻ സ്റ്റാർട്ടപ്പുകളും ഇന്ത്യൻ അമേരിക്കൻ സ്റ്റാർട്ടപ്പുകളും നിക്ഷേപം ഗിഫ്റ്റ് സിറ്റിയിലെ ബാങ്കുകളിലേക്കു മാറ്റുന്നത്. അൻപതിലേറെ സ്റ്റാർട്ടപ്പുകൾ ഗിഫ്റ്റ് സിറ്റിയിലെ ബാങ്കുകളിൽ അക്കൗണ്ട് ആരംഭിച്ചു നിക്ഷേപം മാറ്റിക്കഴിഞ്ഞു.

ആർബിഎൽ ബാങ്ക്, കോട്ടക് മഹീന്ദ്ര ബാങ്ക്, ഐസിഐസിഐ ബാങ്ക്, ആക്സിസ് ബാങ്ക് തുടങ്ങിയവയാണു ഗിഫ്റ്റ് സിറ്റി അക്കൗണ്ട് ആരംഭിക്കാൻ സ്റ്റാർട്ടപ്പുകളെ പ്രധാനമായും പ്രേരിപ്പിക്കുന്നത്. രാജ്യാന്തര പണമിടപാടു കേന്ദ്രം എന്ന പദവിയോടെ സംസ്ഥാന സർക്കാരിന്റെ ഉത്സാഹത്തിൽ രൂപംകൊണ്ട ഗുജറാത്ത് ഇന്റർനാഷനൽ ഫിനാൻസ് ടെക് സിറ്റി (ഗിഫ്റ്റ് സിറ്റി) ബദൽ സൗകര്യം എന്ന നിലയിൽ നിക്ഷേപകർക്ക് ആകർഷകമാകാനുള്ള കാരണങ്ങൾ പലതാണ്.

അക്കൗണ്ട് മാറ്റത്തിനു യുഎസിൽ നാലു ദിവസത്തോളമെടുക്കുമെങ്കിൽ ഗിഫ്റ്റ് സിറ്റിയിൽ അത് ഒറ്റ ദിവസംകൊണ്ടു സാധ്യമാകുന്നു എന്നതാണു പ്രധാന കാരണം.

യുഎസ് ഡോളറിലോ മറ്റു രാജ്യങ്ങളുടെ കറൻസികളിലോ ബഹുരാഷ്ട്ര കറൻസികളിലോ നിക്ഷേപത്തിനുള്ള സൗകര്യമാണു മറ്റൊന്ന്. യുഎസിലെതന്നെ ഏതെങ്കിലും ബാങ്കിലേക്കു നിക്ഷേപം മാറ്റുന്നതിനെ അപേക്ഷിച്ചു സുഭദ്രം ഇന്ത്യൻ ബാങ്കുകളാണെന്ന തിരിച്ചറിവും അപ്രധാനമല്ലാത്ത കാരണമാണ്.

## കൺസൽറ്റൻസിക്ക് ഉപകമ്പനി: കെഎസ്ഇബി ചർച്ചയ്ക്ക്

**തിരുവനന്തപുരം:** വൈദ്യുതി ബോർഡിന്റെ പുനഃസംഘടനയും ജീവനക്കാരുടെ പുനർവിന്യാസവും സംബന്ധിച്ച് ഉദ്യോഗസ്ഥ തല സമിതികൾ 2 വർഷം മുൻപ് സമർപ്പിച്ച ശുപാർശകൾ ജീവനക്കാരുമായി മാനേജ്മെന്റ് ചർച്ച ചെയ്യുന്നു. ഡിസ്ട്രിബ്യൂഷൻ, ജനറേഷൻ, ട്രാൻസ്മിഷൻ, കോർപറേറ്റ് ഓഫിസ് എന്നീ മേഖലകളിലെ ചീഫ് എൻജിനീയർമാരും മറ്റും അടങ്ങുന്ന നാലു വിദഗ്ധ സമിതികൾ 2021ൽ സമർപ്പിച്ച റിപ്പോർട്ടുകളാണു ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്യുന്നത്.

ഇതിൽ ട്രാൻസ്മിഷനുമായി ബന്ധപ്പെട്ട സമിതി സമർപ്പിച്ച റിപ്പോർട്ടിൽ വരുമാന വർധനയ്ക്കു കേരള പവർ ഇൻഫ്രാസ്ട്രക്ചർ ആൻഡ് സർവീസസ് കമ്പനി എന്ന പേരിൽ ഉപകമ്പനി രൂപീകരിക്കാനുള്ള നിർദേശം ഉണ്ട്. ഊർജ പ്രസരണ മേഖലയിലെ വിവിധ പദ്ധതികളുടെ നിർമാണം, പരിപാലനം, കൺസൽറ്റൻസി എന്നിവയ്ക്ക് ഈ ഉപ കമ്പനിയെ നിയോഗിക്കാമെന്നാണു റിപ്പോർട്ടിലെ നിർദേശം. ഉദ്യോഗസ്ഥർ തയാറാക്കിയ ഈ നിർദേശങ്ങൾ ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല. 17നകം നിർദേശങ്ങൾ എഴുതി അറിയിക്കാൻ സംഘടനകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതിനു മുൻപ് 2008ൽ ആണ് ബോർഡിൽ പുനഃക്രമീകരണം നടപ്പാക്കിയത്. ബോർഡിൽ 34,000 ജീവനക്കാർ ഉണ്ടായിരുന്ന സമയത്ത് 27,000 പേരുടെ ശമ്പളം മാത്രമേ റഗുലേറ്ററി കമ്മിഷൻ അനുവദിച്ചിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ ബോർഡ് വീണ്ടും അപേക്ഷ നൽകുകയും 30,321 പേരുടെ ശമ്പളം കമ്മിഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## സ്പിരിറ്റ് കരാർ സോം ഡിസ്റ്റിലറിക്ക് ലഭിച്ചേക്കും

**തിരുവനന്തപുരം:** സർക്കാർ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിനു മദ്യമുണ്ടാക്കാനുള്ള സ്പിരിറ്റ് (എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ) നൽകാനുള്ള കരാർ മധ്യപ്രദേശ് ആസ്ഥാനമായ സോം ഡിസ്റ്റിലറിക്കു ലഭിച്ചേക്കും. ഇന്നലെ ടെൻഡർ തുറന്നപ്പോൾ ഏറ്റവും കുറഞ്ഞ വില (70.09 രൂപ) കലോട്ട് ചെയ്തതു സോം ഡിസ്റ്റിലറീസാണ്. സമീപകാലത്തെ ഏറ്റവും കൂടിയ അളവ് സ്പിരിറ്റാണു ട്രാവൻകൂർ ഷുഗേഴ്സ് ഈ ടെൻഡർ വഴി വാങ്ങുക. ജവാൻ റമ്മിന്റെ ഉൽപാദനം വർധിപ്പിക്കാൻ ലക്ഷ്യമിട്ടാണു കൂടുതൽ സ്പിരിറ്റിനു ടെൻഡർ വിളിച്ചത്. ഒരാഴ്ചയ്ക്കകം ടെൻഡർ ഉറപ്പിക്കും.

## അദാനി ഓഹരികളുടെ പതനം വിപണിയെ ബാധിച്ചിട്ടില്ല: കേന്ദ്രം

**ന്യൂഡൽഹി:** ഹിൻഡൻബർഗ് വിവാദം മൂലമുള്ള അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരി വിലയിടിവ് രാജ്യത്തെ കോർപറേറ്റ് രംഗത്ത് കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ലെന്ന് കേന്ദ്രം ലോക്സഭയിൽ. 9 അദാനി കമ്പനികളുടെ വിപണിമൂല്യത്തിൽ 60 ശതമാനത്തോളം ഇടിവുണ്ടായെങ്കിലും ഈ കമ്പനികളുടെ മൊത്തം വ്യാപ്തി ദേശീയ ഓഹരി സൂചിക നിഫ്റ്റിയുടെ ഒരു ശതമാനത്തിനു താഴെയേ വരൂ എന്ന് എൻ.കെ പ്രേമചന്ദ്രൻ എംപിയുടെ ചോദ്യത്തിനുള്ള മറുപടിയിൽ പറയുന്നു. സെബിയുടെ അന്വേഷണം 2 മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും വ്യക്തമാക്കി.



# ബ്രഹ്മപുരം തീപീടുത്തം:പോലീസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി

**കൊച്ചി:** ബ്രഹ്മപുരത്ത് മാലിന്യ പ്ലാന്റ് തീപിടുത്തവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ക്രിമിനിൽ കേസ് പോലീസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.ചട്ടം 330 പ്രകാരം നിയമസഭയിൽ നടത്തിയ പ്രസ്താവനയിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.പ്ലാന്റിന്റെ ആരംഭം മുതലുള്ള എല്ലാ നടപടികളും സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തും.ബ്രഹ്മപുരത്ത് തീപിടുത്തത്തിലേക്ക് നയിച്ച കാരണങ്ങൾ ഉൾപ്പെടെ, ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾ സംബന്ധിച്ചും, മാലിന്യസംസ്കരണ പദ്ധതി പ്രവർത്തനക്ഷമമാക്കാനും ഇത്തരം അപകടങ്ങൾ ഭാവിയിൽ ഒഴിവാക്കാനും കഴിയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കാനായി സാങ്കേതിക വിദഗ്ധർ ഉൾപ്പെടെയുള്ള ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ടേംസ് ഓഫ് റഫറൻസിന്റെ അടിസ്ഥാനത്തിലാണ് സംഘം അന്വേഷണം നടത്തുക തീപിടുത്തത്തിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?ഭാവിയിൽ തീപിടുത്തം ഉണ്ടാകാതിരിക്കാൻ നടപ്പിലാക്കേണ്ട നടപടികൾ എന്തെല്ലാം?ഖരമാലിന്യ സംസ്കരണമാലിന്യ നിക്ഷേപ കേന്ദ്രമെന്ന നിലയിൽ നിലവിലെ സ്ഥലം എത്രത്തോളം അനുയോജ്യമാണ്?സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ നിരീക്ഷണങ്ങളും നിർദേശങ്ങളും എത്രത്തോളം പാലിക്കപ്പെട്ടിട്ടുണ്ട്?നിർദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദികൾ ആരൊക്കെയാണ്?വിൻഡ്രോ കമ്പോസ്റ്റിംഗ് നടപ്പിലാക്കാൻ ഏർപ്പെട്ട ഉടമ്പടിയിൽ പിഴവുകൾ ഉണ്ടായിരുന്നുവോ?കൊച്ചി കോർപറേഷൻ ബ്രഹ്മപുരത്തെ പ്രവൃത്തി കൃത്യമായി നിരീക്ഷിച്ചിരുന്നുവോ? അതിന്റെ ഉത്തരവാദിത്തം ആർക്കായിരുന്നു? പ്രവൃത്തിയിൽ ന്യൂനതകൾ ചൂണ്ടിക്കാണിച്ചിരുന്നോ ? പ്രവൃത്തിയിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് കരാറുകാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം?കൊച്ചി കോർപറേഷനിലെ ഖര മാലിന്യം സംഭരിക്കാനും സംസ്കരിക്കാനും ഉദ്ദേശിച്ച സ്ഥലത്ത് മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യം കൂടി വരാനുള്ള കാരണമെന്ത്?നിലവിൽ സ്ഥാപിച്ചിട്ടുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റിന്റെ ശോചനീയാവസ്ഥക്കും നടത്തിപ്പിലെ വീഴ്ചകൾക്കും ഉത്തരവാദികൾ ആരെല്ലാം?മുൻകാല മാലിന്യം കൈകാര്യം ചെയ്യാനെടുത്ത നടപടികളുടെ വിശകലനവും കാലതാമസത്തിനുള്ള കാരണങ്ങളും.ബയോറെമഡിയേഷൻ പ്രക്രിയ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒപ്പിട്ട കരാർ പ്രകാരം കോർപറേഷന്റെയും കരാറുകാരുടെയും ചുമതലകൾ അതത് കക്ഷികൾ എത്രത്തോളം പാലിച്ചിരുന്നു,കൊച്ചി കോർപറേഷൻ പരിധിക്കുള്ളിൽ ജൈവ, അജൈവ മാലിന്യ ശേഖരണത്തിനും അവ സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിനുമുള്ള സംവിധാനം എന്തായിരുന്നു? കരാറുകാരുടെ പ്രവർത്തനം വിലയിരുത്തിയത് എങ്ങനെയായിരുന്നു? തരം തിരിക്കാതെ മാലിന്യം ശേഖരിക്കുന്നതിനും ബ്രഹ്മപുരത്ത് നിക്ഷേപിക്കുന്നതിനും തീരുമാനിക്കാനുള്ള കാരണമെന്ത്? ഇത് പരിഹരിക്കാനെടുത്ത നടപടികൾ എന്തെല്ലാം?വലിയ തോതിലുള്ള ഖരമാലിന്യം ഉണ്ടാവുന്ന കേന്ദ്രങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കാൻ എത്രത്തോളം സാധിച്ചിട്ടുണ്ട്?എന്നിവാണ് ടേംസ് ഓഫ് റഫറൻസിൽ വരുന്നത്.



### ദുരന്തനിവാരണ നിയമത്തിന്റെ പ്രയോഗം

ബ്രഹ്മപുരം തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ തീ അണയ്ക്കുവാനും നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ദുരന്ത നിവാരണ നിയമത്തിലെ 24 (ഇ) വകുപ്പ് പ്രകാരം എംപവേഡ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. കുറ്റമറ്റ രീതിയിലുള്ള മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിനും അതിനായി തയാറാക്കിയിട്ടുള്ള സമഗ്ര കർമ്മ പരിപാടി സമയബന്ധിതമായി നടപ്പിലാക്കാനും തടസങ്ങൾ നീക്കം ചെയ്യാനും ദുരന്തനിവാരണ നിയമത്തിലെ 24 (എൽ) വകുപ്പ് പ്രകാരം സർക്കാർ എംപവേഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതാണ്. കൊച്ചിയിലെ പ്രവർത്തനങ്ങൾ പ്രത്യേകമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ദൈനംദിനം വിലയിരുത്തും. ഇതിനു പുറമെ തദ്ദേശസ്വയംഭരണ, വ്യവസായ മന്ത്രിമാർ എല്ലാ ആഴ്ചയിലും അവലോകനം നടത്തും.

### ആരോഗ്യ പഠനം

തീപിടിത്തത്തെ തുടർന്ന് ഉണ്ടാകാനിടയുള്ള ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് സമഗ്രമായ ആരോഗ്യ സർവേ ബ്രഹ്മപുരത്തും സമീപ പ്രദേശങ്ങളിലും നടത്തുന്നുണ്ട്. ദീർഘകാലത്തേക്ക് നിലനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുള്ള ഘടകങ്ങൾ മണ്ണിലോ വെള്ളത്തിലോ മനുഷ്യ ശരീരത്തിലോ ഉണ്ടോ എന്നറിയാൻ ശാസ്ത്രീയമായ പഠനവും വിദഗ്ധരുടെ നേതൃത്വത്തിൽ നടത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

### സംസ്ഥാനതല കർമ്മപദ്ധതി

ബ്രഹ്മപുരത്തിന്റെ പാഠം, കൊച്ചിയിൽ മാത്രമല്ല, സംസ്ഥാനത്താകെ മാലിന്യ സംസ്കരണമെന്ന ചുമതല യുദ്ധകാലാടിസ്ഥാനത്തിലും വിട്ടുവീഴ്ചയില്ലാതെയും നടപ്പാക്കണമെന്നതാണ്.. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കുള്ള ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർണയിച്ചും സമയബന്ധിതമായി സമഗ്രമായ കർമപദ്ധതി വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ സർക്കാർ നേതൃത്വം കൊടുക്കും. ഖരദ്രവമാലിന്യങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇവേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ സംസ്കരണവും ഇതിന്റെ ഭാഗമായി ഒരുക്കും. ജനങ്ങളെയാകെ ബോധവൽക്കരിക്കുന്നതിന് വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. മാലിന്യ സംസ്കരണം സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും സംസ്ഥാനത്താകെ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തും. നിയമലംഘനം നടത്തുന്നവർക്കെതിരെ ഒരു വിട്ടുവീഴ്ചയുമില്ലാത്ത നടപടികൾ സ്വീകരിക്കും. മാലിന്യ സംസ്കരണ പ്ലാന്റുകൾക്കെതിരായി സങ്കുചിത താല്പര്യത്തോടെ ആസൂത്രിതമായി സംഘടിപ്പിക്കുന്ന പ്രതിഷേധങ്ങൾ കേരളത്തിന് ഇനിയും താങ്ങാനാവില്ല. അത്തരം പ്രതിഷേധങ്ങളെ ഇനിയും വകവെച്ചുകൊടുത്തുകൊണ്ട് മുന്നോട്ടു പോകാനാവില്ല. മാലിന്യമുക്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാനായി രണ്ട് ഘട്ടങ്ങളായുള്ള സമഗ്ര പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. മാർച്ച് 13 മുതൽ മെയ് 31 വരെയും സെപ്തംബർ ഒന്ന് മുതൽ ഡിസംബർ 31 വരെയുമുള്ള രണ്ട് ഘട്ടങ്ങളായാണ് സർക്കാർ ഇത് നടപ്പാക്കുക. ഉറവിട മാലിന്യസംസ്കരണം, അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം, ഹരിത കർമ സേനയുടെ സമ്പൂർണ വിന്യാസം, പൊതുസ്ഥലങ്ങൾ മാലിന്യമുക്തമാക്കൽ, ജലസ്രോതസ്സുകളുടെ ശുചീകരണം എന്നിവ ഈ കർമ്മപദ്ധതിയുടെ പ്രധാന ഉള്ളടക്കമാണ്. ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക പിന്തുണ തദ്ദേശസ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കും. തദ്ദേശ സ്ഥാപന , ജില്ലാ, സംസ്ഥാന തലങ്ങളിൽ വാർ റൂമുകൾ സജ്ജീകരിക്കും, ജില്ലാതലത്തിൽ എൻഫോഴ്സ്മെന്റ് ടീമുകളും വിജിലൻസ് സ്ക്വാഡുകളും രൂപീകരിക്കും. കർമ്മ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് തദ്ദേശ സ്ഥാപന തലത്തിൽ സോഷ്യൽ ഓഡിറ്റും നടത്തും. ഇനിയും മെല്ലെപ്പോക്ക് ഇക്കാര്യങ്ങളിൽ തുടരനാവില്ല. ദൃഢനിശ്ചയത്തോടെ സർക്കാർ മുന്നോട്ടുപോവുക തന്നെ ചെയ്യും.

### അന്താരാഷ്ട്ര വൈദഗ്ധ്യം

ബ്രഹ്മപുരത്തിന്റെ പശ്ചാത്തലത്തിൽ മാലിന്യ സംസ്കരണത്തിന് അന്താരാഷ്ട്ര തലത്തിലുള്ള വൈദഗ്ധ്യം ലഭ്യമാക്കാനുള്ള നടപടികൾക്കും സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ലോക ബാങ്ക് ഇതിനുള്ള സന്നദ്ധത അറിയിച്ചു കഴിഞ്ഞിട്ടുണ്ട്, മാർച്ച് 21 23 തീയതികളിലായി ഇതിനായി ലോക ബാങ്ക് പ്രതിനിധി സംഘവുമായി ചർച്ചകൾ നടത്തും. മറ്റ് ഏജൻസികളുടെ വൈദഗ്ധ്യവും പ്രയോജനപ്പെടുത്തും.

## 500 പേർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന പ്രത്യേക റിക്രൂട്ട്മെന്റ് നടത്തി ഗോത്രവിഭാഗത്തിൽപ്പെട്ട 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുന്നു. ഇവർക്കുള്ള നിയമന ഉത്തരവ് മാർച്ച് 21ന് ലഭ്യമാക്കും. ഇതിന്റെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര വന ദിനമായ മാർച്ച് 21ന് വനം വകുപ്പും പട്ടികവർഗ വകുപ്പും സംയുക്തമായി പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സ്വീകരണം നൽകുന്നു.തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 11 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വനംമന്ത്രി എ.കെ. ശശീന്ദ്രൻ അധ്യക്ഷത വഹിക്കുന്ന പരിപാടിയൽ മന്ത്രിമാരായ കെ. രാധാകൃഷ്ണൻ, ആന്റണി രാജു, വി. ശിവൻകുട്ടി, ജി.ആർ. അനിൽ, എം.എൽ.എമാർ തുടങ്ങിയവർ പങ്കെടുക്കും.

കരുത്തുറ്റ ഓജസ്സിന്റെ പുനർജന്മം
കായകല്പ ചികിത്സാരീതിയിൽ അമൂല്യ ഔഷധങ്ങളാൽ തയ്യാറാക്കിയ
ധാതു പുഷ്ടിയും ബലവും ഓജസ്സും വീണ്ടെടുക്കുവാൻ സഹായിക്കുന്നു
ഓജസെറ്റ് ക്യാപ്സൂൾ | OJUSET CAPSULES
SINCE 1995


ORDER NOW: 755 99 6 44 55
FREE DOCTOR CONSULTATION: 75 93 83 47 81
Available at amazon
എല്ലാ ഇംഗ്ലീഷ് - ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു
www.ojuset.com



## രാജ്യാന്തര വിമാനത്താവളം: സുരക്ഷയ്ക്കായി ബാർകോഡ് റീഡറുകൾ സ്ഥാപിച്ചു

**തിരുവനന്തപുരം:** രാജ്യാന്തര വിമാനത്താവളത്തിലെ ആഭ്യന്തര ടെർമിനൽ പ്രവേശന കവാടങ്ങളിൽ തടസ്സമില്ലാത്ത യാത്രാനുഭവവും സുരക്ഷയും ഉറപ്പാക്കാൻ 2 ഡി ബാർകോഡ് റീഡറുകൾ സ്ഥാപിച്ചു. ടെർമിനൽ എൻട്രി ഗേറ്റുകളിൽ സിഐഎസ്എഫ് ഉദ്യോഗസ്ഥർ ഫ്ളൈറ്റ് ടിക്കറ്റുകൾ നേരിട്ട് പരിശോധിക്കുന്നതിനു പകരം ടിക്കറ്റിലെ ബാർകോഡുകൾ സ്കാൻ ചെയ്ത് യാത്രക്കാരെ പ്രവേശിപ്പിക്കും.

തിരക്ക് നിയന്ത്രിക്കാനും യാത്രക്കാർക്ക് സമയം ലഭിക്കാനുമാണ് പുതിയ സംവിധാനം.വ്യാജമോ റദ്ദാക്കിയതോ ആയ ഫ്ളൈറ്റ് ടിക്കറ്റുകൾ ഉപയോഗിച്ച് ടെർമിനലിലേക്ക് പ്രവേശിക്കുന്നതു തടയാൻ 2 ഡി ബാർകോഡ് സ്കാനർ ഉപയോഗിക്കുന്നതിലൂടെ കഴിയും. വിമാനത്താവളത്തിൽ ഇ ഗേറ്റ് ഉൾപ്പെടെയുള്ള മറ്റു സാങ്കേതിക സംവിധാനങ്ങളുടെ നിർമാണം പുരോഗമിക്കുന്നുണ്ട്.

ഇതു പൂർത്തിയാകുമ്പോൾ എയർപോർട്ടിൽ എത്തുന്നതിന് മുൻപ് വെബ് ചെക്ക്ഇൻ ഫീച്ചർ ഉപയോഗിക്കുന്ന യാത്രക്കാർക്ക് വേഗത്തിൽ ചെക്ക് ഇൻ നടപടികൾ പൂർത്തിയാക്കാനാകും.



## ഗ്രാമീണ റോഡ് വികസനത്തിന് 4.29 കോടി അനുവദിച്ചു

**കാട്ടാക്കട:** നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ നവീകരിക്കാൻ 4.29 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി ഐ.ബി.സതീഷ് എംഎൽഎ അറിയിച്ചു.ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്.നിയോജക മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി തദ്ദേശ സ്വയംഭരണ വകുപ്പ് വഴി 15 പദ്ധതികൾക്കും അനുമതി ലഭിച്ചു.

വിളപ്പിൽ പഞ്ചായത്തിലെ കുണ്ടമൺകടവ് കാക്കുളം തിരുനെല്ലൂർ റോഡിന് 30 ലക്ഷം രൂപ, ഇരട്ടക്കുളം നവീകരണവും വയോജന പാർക്ക് നിർമ്മാണത്തിനും 52 ലക്ഷം., പടവൻകോട് വടകര ജംക്ഷൻ വിളയിൽ ദേവീക്ഷേത്രം റോഡിന് 35 ലക്ഷം, അലക്കുന്നം പുന്നവിള റോഡിന് 10 ലക്ഷം , വിളവൂർക്കൽ പഞ്ചായത്തിലെ ഈഴക്കോട് കോളച്ചിറ അബ്ദുൾ കലാം റോഡിന് 21 ലക്ഷം രൂപ, പ്ലാങ്കോട്ട്മുകൾ തെങ്ങാതാംകോട് റോഡിന് 15 ലക്ഷം രൂപ, അയണിയോട് ശാന്തമൂല റോഡിന് 15 ലക്ഷം, പള്ളിച്ചൽ പഞ്ചായത്തിലെ മണ്ണാറമുട്ടം തേരിക്കാംവിള കോളനികളെ ബന്ധിപ്പിക്കുന്ന പാലത്തിന് 30 ലക്ഷം, സുദർശനൻ ചന്ദ്രൻ റോഡിന് 40 ലക്ഷം.

മാറനല്ലൂർ പഞ്ചായത്ത് കൂവളശേരി ക്ഷേത്ര നട വാഴപ്പള്ളിക്കോണം കനാൽ റോഡിന് 27 ലക്ഷം, അഴകം തെരളിക്കുഴി റോഡിന് 21 ലക്ഷം , തൂങ്ങാംപാറ സ്റ്റേഡിയം റോഡിന് 42 ലക്ഷം, മലയിൻകീഴ് പഞ്ചായത്തിലെ അരുവിക്കോട് കൃഷ്ണപുരം റോഡിന് 25 ലക്ഷം രൂപ, തച്ചോട്ട്കാവ് കുളത്തിൻകര റോഡിന് 44 ലക്ഷം രൂപ, മാർത്താണ്ഡേശ്വരം കുഴിവിള റോഡ് നിർമാണത്തിന് 22 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചു. കാലതാമസം കൂടാതെ റോഡുകൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി ഐ.ബി.സതീഷ് എം.എൽ.എ അറിയിച്ചു.

# കാർഷിക സ്മൃതിയുണർത്തി വയൽവാണിഭത്തിനു തുടക്കം



**ഓമല്ലൂർ:** വയർ കുലുക്കി, കണ്ണുരുട്ടി ,നാക്ക് നീട്ടി ആടിത്തിമർത്ത പുലിക്കൂട്ടങ്ങളും കാർഷിക സംസ്കൃതിയുടെ പഴയകാല ഓർമകൾ പങ്കുവയ്ക്കുന്ന നിശ്ചല ദൃശ്യങ്ങളും നിറഞ്ഞ സാംസ്കാരിക ഘോഷയാത്രയോടെ വയൽ വാണിഭത്തിനു വർണാഭമായ തുടക്കം.പാടങ്ങൾ ഉഴുതുമറിച്ചു നെല്ലു വിതയ്ക്കാൻ പാകമാക്കിയ കാളകൾ, കലപ്പ, അരിവാളും കറ്റകളുമായി എത്തിയ കർഷകർ, കുതിര എന്നിവ കൂടാതെ പഞ്ചായത്തിലെ 14 വാർഡിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകർ ഒരുക്കിയ നിശ്ചല ദൃശ്യങ്ങൾ ഘോഷയാത്രയ്ക്കു മാറ്റുകൂട്ടി.

കാർഷിക സംസ്കാരത്തിന്റെ കലവറയാണു ഓമല്ലൂർ എന്നു തെളിയിക്കുന്ന പ്രകടനങ്ങളാണ് വിവിധ നിശ്ചല ദൃശ്യങ്ങളിലൂടെ കുടുംബശ്രീ പ്രവർത്തകർ അവതരിപ്പിച്ചത്. തൃശൂരിൽ നിന്നുള്ള 12 അംഗ സംഘമാണ് പുലികളി അവതരിപ്പിച്ചത്. മേളത്തിനൊത്തു ചുവടുവച്ച് അവർ നീങ്ങുന്നതു കാണാൻ ജനം ഒഴുകിയെത്തി.മിനി സ്റ്റേഡിയം മുതൽ മാർക്കറ്റ് വരെ റോഡിന്റെ ഇരുവശവും തിങ്ങി നിറഞ്ഞു കാണികളായിരുന്നു.പഴമയുടെ കാർഷികോത്സവമായ വയൽ വാണിഭത്തിന്റെ തുടക്കം ആഘോഷം നിറഞ്ഞതായിരുന്നു.

മാർക്കറ്റ് നിറയെ കടകളും കാർഷിക വിഭവങ്ങളുമാണ്. രാവിലെ കാളച്ചന്തയും നടന്നു. കാർഷിക സാധനങ്ങൾ വിൽക്കാനും വാങ്ങാനും എത്തിയവരുടെ തിരക്കും അനുഭവപ്പെട്ടു.വയൽ വാണിഭം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ വിളവിനാൽ അധ്യക്ഷനായിരുന്നു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാ ദേവി,പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്മിത സുരേഷ്, ജനറൽ കൺവീനർ ബൈജു ഓമല്ലൂർ, സജയൻ ഓമല്ലൂർ,സുബിൻ തോമസ്,എസ്.മനോജ്കുമാർ,എം.ആർ.അനിൽകുമാർ,സാലി തോമസ്, കെ.അമ്പിളി, പി. സുജാത,സജി വർഗീസ്, കെ.സി.അജയൻ, ഉഷ റോയി, സുരേഷ് ഓലിത്തുണ്ടിൽ. റിജു കോശി, എൻ.മിഥുൻ,കെ.ബാലകൃഷ്ണൻ നായർ,ലക്ഷ്മി മനോജ്, ഐശ്വര്യ വിജയകുമാർ,എസ്.മനോജ്, അഭിലാഷ് ഓമല്ലൂർ,രാജൻ ജോർജ് എന്നിവർ പ്രസംഗിച്ചു.

## പന്തളത്തെ മാലിന്യമുക്തമാക്കാൻ 7.6 കോടിയുടെ സമഗ്ര പദ്ധതി



**പന്തളം:** നഗരത്തെ മാലിന്യമുക്തമാക്കാൻ ലോകബാങ്ക് സഹായത്തോടെ സമഗ്ര പദ്ധതി നടപ്പാക്കാൻ നഗരസഭ. ഇതിന്റെ പ്രാഥമിക ജോലികൾ തുടങ്ങി. കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യ ഗഡുവായി അനുവദിച്ച 76,51,087 രൂപ വിനിയോഗിച്ചാണ് ആദ്യ ഘട്ടം നടപ്പാക്കുക.

പദ്ധതി തുകയുടെ 70 ശതമാനം ലോകബാങ്കും 30 ശതമാനം കേന്ദ്ര, സംസ്ഥാന സർക്കാരുകളും വഹിക്കും. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. മുട്ടാർ നീർച്ചാലിന്റെ കരയിൽ അടിഞ്ഞുകൂടിയ മാലിന്യം നിർമാർജനം ചെയ്യുന്നതിനു മുന്നോടിയായി എത്ര അളവിൽ മാലിന്യമുണ്ടെന്നു കണ്ടെത്താനുള്ള സർവേ പൂർത്തിയായി. കുറുന്തോട്ടയം പാലം മുതൽ കെഎസ്ആർടിസി വരെയുള്ള ഭാഗത്തായിരുന്നു സർവേ.

ഇവ ശേഖരിച്ചു കെഎസ്ആർടിസി സ്റ്റാൻഡിനു സമീപത്ത് തയാറാക്കുന്ന താൽക്കാലിക ഷെഡിൽ പ്ലാസ്റ്റിക്, ജൈവ, ചില്ല് മാലിന്യങ്ങൾ വെവ്വേറെ തരംതിരിക്കും. ഇതിന്റെ റിപ്പോർട്ട് ഖരമാലിന്യ പരിപാലന വിഭാഗം അധികൃതർക്ക് കൈമാറും.നീർച്ചാലിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള മാലിന്യം നീക്കും. വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമിക്കും. മാലിന്യം സംസ്കരിച്ചു വളമാക്കുന്നതും പ്ലാസ്റ്റിക് പൊടിക്കുന്ന സംവിധാനവും വരും. ഹരിതകർമ സേനാംഗങ്ങൾക്ക് ശുചിമുറി, വിശ്രമമുറി അടക്കം പദ്ധതിയിലുണ്ട്. ഈ ജോലികൾ പിന്നീട് തുടങ്ങും. ചന്തയിലെ ജൈവമാലിന്യ സംസ്കരണത്തിനായി ശുചിത്വമിഷന്റെ ധനസഹായത്തോടെയുള്ള തുമ്പൂർമുഴി പദ്ധതിക്കുള്ള സൗകര്യങ്ങൾ പൂർത്തിയാകുന്നു. 4 അറകളുള്ള യൂണിറ്റ് നിർമിച്ചത് 4.5 ലക്ഷം രൂപ വിനിയോഗിച്ചാണ്. ഏപ്രിൽ ആദ്യം പ്രവർത്തനം തുടങ്ങുമെന്നു സ്ഥിരം സമിതി അധ്യക്ഷൻ ബെന്നി മാത്യു പറഞ്ഞു.




ടി.ആർ ദേവൻ, വിഷ്ണു പി കർത്ത

## വേൾഡ് മലയാളി കൗസിൽ മധ്യ കേരള പ്രൊവിൻസ്: ടി.ആർ ദേവൻ പ്രസിഡന്റ്, വിഷ്ണു കർത്ത സെക്രട്ടറി

**കൊച്ചി:** വേൾഡ് മലയാളി കൗസിൽ (ഡബ്ല്യു എം സി) മധ്യ കേരള ചെയർമാനായി മാത്യു പോൾ, പ്രസിഡന്റായി ടി.ആർ ദേവൻ, സെക്രട്ടറിയായി വിഷ്ണു പി കർത്ത എിവരെ തെരഞ്ഞെടുത്തു. വേൾഡ് മലയാളി കൗസിൽ ഇന്ത്യ റീജ്യ സെക്രട്ടറി ഡോ. അജിൽ അബ്ദുള്ളയുടെ അധ്യക്ഷതയിൽ കൊച്ചിയിൽ ചേർ യോഗം ഗ്ലോബൽ ചെയർമാൻ ഗോപാലകൃഷ്ണപിള്ള (യു എസ് എ) ഉദ്ഘാടനം ചെയ്തു. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകൾ ചേരുതാണ് മധ്യ കേരള പ്രൊവിൻസ്. മറ്റ് ഭാരവാഹികൾ. വൈസ് ചെയർമാൻ: ടി.വിനയ് കുമാർ, വൈസ് പ്രസിഡന്റുമാർ: കെ.എം രാജ് മോഹൻ, ആകാശ് സുധാകർ, സി.ബി ഹരി, എം. സലിം. അസോ.സെക്രട്ടറി: കെ.വി ഷാജി, ഖജാൻജി: മജു കെ ഇസ്മയിൽ.

യോഗത്തിൽ ഇന്ത്യ റീജിയ വൈസ് പ്രസിഡന്റ് സേതു മാധവൻ, ട്രഷറർ ജയപ്രകാശ്, പ്രസാദ് കുഴിക്കാല, അനീഷ് പി എിവർ പ്രസംഗിച്ചു.

# പദ്ധതികൾ വൈകുന്തോറും ചെലവഴിക്കേണ്ട തുക പതിന്മടങ്ങാകുന്നു

വികസന പ്രവർത്തനങ്ങളുടെ പേരിൽ കോടിക്കണക്കിനു രൂപ ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗം കൃത്യമായി നിരീക്ഷിക്കാനോ പദ്ധതി പാഴ്ജോലിയാകുന്നില്ലെന്ന് ഉറപ്പാക്കാനോ ഉദ്യോഗസ്ഥരോ ഭരണകർത്താക്കളോ മിക്കപ്പോഴും മനസ്സിരുത്തുന്നില്ല. നിസ്സാര കാരണങ്ങളുടെ പേരിൽ പദ്ധതികൾ വൈകുന്തോറും ചെലവഴിക്കേണ്ട തുക പതിന്മടങ്ങാകുകയാണ്.




2.12 കോടി ചെലവഴിച്ചു നിർമിച്ചു. ഉദ്ഘാടനവും നടത്തി. എന്നാൽ, രണ്ടു വർഷം കഴിഞ്ഞിട്ടും പ്രവർത്തിക്കാൻ തുറന്നുനൽകുന്നില്ല. വണ്ടിപ്പെരിയാറിൽ പട്ടികജാതി വികസന വകുപ്പ് നിർമിച്ച പ്രീ മെട്രിക് ഹോസ്റ്റലിന്റെ കാര്യമാണിത്.ജില്ലയിലെ പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കാനാണ് വണ്ടിപ്പെരിയാർ ഗവ.യു പി സ്കൂളിനോട് ചേർന്ന് ഹോസ്റ്റൽ നിർമിച്ചത്. മന്ദിരം 2021 ഫെബ്രുവരിയിൽ വകുപ്പ് മന്ത്രി ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തിരുന്നു. എന്നാൽ പിന്നീട് വകുപ്പ് അധികൃതർ ഇങ്ങോട്ടു തിരിഞ്ഞുനോക്കുന്നില്ല. വകുപ്പ് മേധാവികളുടെ അവഗണന മൂലം 30 പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കാനുള്ള അവസരം ആണ് നിഷേധിക്കപ്പെട്ടിരിക്കുന്നത്.

ഇടുക്കി കാന്തല്ലൂർ പഞ്ചായത്തിലെ ജലസേചനത്തിനായി 26 കോടി രൂപ ചെലവിൽ പദ്ധതിയിട്ട പട്ടിശേരി അണക്കെട്ട് 60 കോടി രൂപ മുടക്കിയിട്ടും എങ്ങുമെത്തിയിട്ടില്ല. 26 കോടി രൂപ ഫണ്ട് അനുവദിച്ച് പദ്ധതി തുടങ്ങിയെങ്കിലും തുക അടിത്തറ നിർമാണത്തിനേ തികയൂ എന്ന കരാറുകാരന്റെ വാദത്തെത്തുടർന്ന് 20 കോടി രൂപ കൂടി വകയിരുത്തി. 60% ജോലി പൂർത്തിയായപ്പോൾ വീണ്ടും തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതോടെ കഴിഞ്ഞ ബജറ്റിൽ 14 കോടി രൂപ കൂടി അനുവദിച്ചു.

2014ൽ ആണ് അണക്കെട്ടിന്റെ നിർമാണം തുടങ്ങിയത്. മൂന്നു വർഷംകൊണ്ടു പൂർത്തിയാക്കുമെന്നായിരുന്നു പ്രതീക്ഷയെങ്കിലും നിർമാണം ഇഴഞ്ഞു. രണ്ടാംഘട്ടത്തിൽ അധികതുക അനുവദിച്ചതോടെ 2022 മാർച്ചിൽ പൂർത്തിയാക്കുമെന്നു പ്രതീക്ഷിച്ചെങ്കിലും ആ തുകയ്ക്കും കഴിയില്ല എന്നു ചൂണ്ടിക്കാട്ടി നിർമാണം നിർത്തിവച്ചു. ഇതിനെത്തുടർന്നാണ് 14 കോടി രൂപ കൂടി അനുവദിച്ചിരിക്കുന്നത്. 13 ഹെക്ടർ സ്ഥലത്തു വെള്ളം ശേഖരിക്കുന്ന തരത്തിൽ 140 മീറ്റർ നീളത്തിലും 33 മീറ്റർ ഉയരത്തിലുമാണ് അണക്കെട്ട് വിഭാവനം ചെയ്തിരിക്കുന്നത്.

ഇടുക്കി മെഡിക്കൽ കോളജിനു ആദ്യം അംഗീകാരം ലഭിച്ചപ്പോൾ അക്കാദമിക് ബ്ലോക്കിനായി ആദ്യം നിർമിച്ചത് താൽക്കാലിക കെട്ടിടങ്ങൾ. 10.5 കോടി മുടക്കി ഷീറ്റു മേഞ്ഞ മൂന്നു നിര കെട്ടിടങ്ങളാണ് നിർമിച്ചത്. അക്കാദമിക് ബ്ലോക്കിനു സ്ഥിരം മന്ദിരം നിർമിക്കുമ്പോൾ ഇവിടം നഴ്സിങ് കോളജ് ആരംഭിക്കാമെന്നായിരുന്നു വിശദീകരണം.

മുടക്കിയ തുകയുടെ നാലിലൊന്നു പോലും ഇവിടെ ചെലവഴിച്ചിട്ടില്ലെന്നു വ്യക്തം. പെരുമ്പാവൂരിലെ സ്വകാര്യ നിർമാണ കമ്പനി പ്രീ ഫാബ്രിക്കേറ്റഡ് സാമഗ്രികൾ കൊണ്ടുവന്നാണ് നിർമാണം പൂർത്തിയാക്കിയത്. 2016ൽ മെഡിക്കൽ കോളജിന്റെ അംഗീകാരം നഷ്ടമായപ്പോൾ കോടികളുടെ കെട്ടിടം കാടു കയറി. ഇപ്പോൾ ഈ കെട്ടിടങ്ങളിൽ മെഡിക്കൽ കോളജിന്റെ ഫാർമസിയാണ് പ്രവർത്തിക്കുന്നത്.

പൊതുപ്രവർത്തകൻ തൊടുപുഴയിൽ കെഎസ്ടിപി ഓഫിസിൽ വിവരാവകാശത്തിന് അപേക്ഷ നൽകിയപ്പോൾ വിശദാംശങ്ങൾ നൽകാനാവില്ലെന്നായിരുന്നു മറുപടി. സംസ്ഥാന വിവരാവകാശ കമ്മിഷനു പരാതി നൽകിയപ്പോൾ ബന്ധപ്പെട്ട വകുപ്പ് നിങ്ങൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുമെന്ന് അറിയിപ്പു വന്നു. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും നടപടി ഇല്ല. പദ്ധതിയിൽ ഉടനീളം വ്യാപക ക്രമക്കേടു നടന്നതായി ആരോപണമുണ്ട്.

2013ൽ ഇതേ റോഡിന്റെ 12 കിലോമീറ്റർ ദൂരം പൊതുമരാമത്ത് വകുപ്പ് ടാറിങ് നടത്തിയിരുന്നു. ഇത് പൊളിച്ചുമാറ്റി പണി നടത്തണമെന്നായിരുന്നു കരാർ. എന്നാൽ, ഇതിനു മുകളിൽ ടാറിങ് നടത്തുകയായിരുന്നു. ഐറിഷ് ഓട, കലുങ്കുകൾ, സംരക്ഷണ ഭിത്തി നിർമാണം എന്നിവയിലെല്ലാം ക്രമക്കേടുള്ളതായി പരാതി ഉയർന്നപ്പോൾ ചിലയിടങ്ങളിലെല്ലാം നിർമാണങ്ങൾ പൊളിച്ചു പുതിയതു നിർമിച്ചെങ്കിലും ഇതിനു രണ്ടാമതും തുക മാറ്റിയെടുത്തു. 5 വർഷത്തേക്ക് പരിപാലന ചുമതല ഉണ്ടെങ്കിലും റോഡിന്റെ പ്രധാന ഭാഗമായ അശോക കവലയിൽ ബോർഡോ ഫോൺ നമ്പറോ പ്രദർശിപ്പിച്ചിട്ടില്ല.

## മറയൂർ ചന്ദനലേലം: ആദ്യദിവസം 26 കോടിയുടെ വിൽപന

**മറയൂർ:** മറയൂർ ചന്ദനം ഈലേലത്തിന്റെ ആദ്യ ദിവസത്തിൽ 26 കോടി രൂപയുടെ വിൽപന. ഇന്നലെ നടന്ന ലേലത്തിൽ 78 ടൺ ചന്ദനം വിൽപനയ്ക്ക് വച്ചതിൽ 25 ടൺ വിറ്റഴിച്ചു. ഇന്നലെ രാവിലെയും വൈകിട്ടും ആയി രണ്ട് ഘട്ടങ്ങളിലാണ് ചന്ദന ലേലം നടന്നത്. ഇന്നും ചന്ദന ഈലേലം തുടരും.

## ബ്രഹ്മപുരം: അഗ്നിശമന സേനാംഗങ്ങളേയും വോളണ്ടിയർമാരേയും ആദരിച്ചു

**കൊച്ചി:** ബ്രഹ്മപുരം മാലിന്യസംസ്കരണ മേഖലയിലുണ്ടായ തീപിടുത്തം അണയ്ക്കാൻ അഹോരാത്രം പണിപ്പെട്ട അഗ്നിശമനസേനാംഗങ്ങളേയും സിവിൽ ഡിഫൻസ് വോളണ്ടിയർമാരേയും ബെറ്റർ കൊച്ചി റെസ്പോൺസ് ഗ്രൂപ്പും റീജിയണൽ സ്പോർട്സ് സെന്ററും ചേർന്ന് ആദരിച്ചു. കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിൽ ബികെആർജി പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയായി. അഗ്നിശമനസേനയെ പ്രതിനിധീകരിച്ചെത്തിയ പത്തുപേർക്കും വോളണ്ടിയർമാർക്കും വിവിധ സ്കൂളുകളിൽ നിന്നെത്തിയ കുട്ടികൾ നന്ദിക്കുറിപ്പുകളും റോസാപ്പൂക്കളും സമ്മാനിച്ചു. റീജിയണൽ ഫയർ ഓഫീസർ ജെ എസ് സുജിത്കുമാറിന് ജസ്റ്റിസ് ദേവൻ രാമചന്ദ്രനും സിവിൽ ഡിഫൻസ് വളണ്ടയർമാരുടെ ഡിവിഷനൽ വാർഡൻ അനു ച്ന്ദ്രശേഖറിന് ഡോ. ബി സന്ധ്യയും മെമെന്റോകൾ കൈമാറി. അഗ്നിശമനവേളയിൽ ഉപയോഗിക്കുന്ന 100 സവിഷേഷ മാസ്കുകൾ അതത്ത സ്പോൺസർമാർ അഗ്നിശമന സേനയ്ക്ക് കൈമാറി. ഐഎംഎ പ്രസിഡന്റ് ഡോ ശ്രീനിവാസ കമ്മത്ത് സൗജന്യ മെഡിക്കൽ ചെക്കപ്പിനുള്ള രേഖകളും നൽകി. സൗജന്യ ആയുർവേദ ക്യാമ്പ് നടത്തിപ്പിനുള്ള രേഖകൾ എഎംഎഐ പ്രസിഡന്റ് ഡോ. ജിൻഷെദും കൈമാറി. കേരള ഫയർ ആന്റ് റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലും ഡിജിപിയുമായ ഡോ. ബി സന്ധ്യ ഐപിഎസ്, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ഐജിയും ഡിസിപിയുമായ കെ സേതുരാമൻ, എഡ്രാക് പ്രസിഡന്റ് രംഗനാഥ പ്രഭു, ബികെആർജി സെക്രട്ടറി ഷേർളി ചാക്കോ എന്നിവർ പ്രസംഗിച്ചു. ജെ എസ് സുജിത് കുമാർ, തൃക്കാക്കര സ്റ്റേഷൻ ഓഫീസർ കെ എൻ സതീശൻ എന്നിവർ മറുപടി പ്രസംഗങ്ങൾ നടത്തി.

# വൈക്കോൽ വാങ്ങാൻ ആളില്ല; കർഷകർ ബുദ്ധിമുട്ടിൽ

**കൂത്താട്ടുകുളം:** കൊയ്ത്തു കഴിഞ്ഞ് ഒന്നര മാസം പിന്നിട്ടിട്ടും തിരുമാറാടി പഞ്ചായത്തിൽ വൈക്കോൽ വാങ്ങാൻ ആളില്ലാത്തതിനാൽ കർഷകർ ബുദ്ധിമുട്ടുന്നു. പാലക്കാട്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് വൈക്കോൽ ഇറക്കുമതി ചെയ്യുന്നതിനാലാണു പ്രാദേശിക കർഷകരുടെ വൈക്കോൽ വിൽക്കാൻ സാധിക്കാത്തത്.



മിൽമയും ക്ഷീര വികസന വകുപ്പും ചേർന്ന് സബ്സിഡി നിരക്കിലാണ് വൈക്കോൽ ഇറക്കുമതി ചെയ്ത് ക്ഷീരകർഷകർക്ക് നൽകുന്നത്. 20 മുതൽ 25 കിലോ വരെയാണ് ഒരു റോൾ വൈക്കോലിന്റെ തൂക്കം. കിലോയ്ക്ക് 4 രൂപ സബ്സിഡി കുറച്ച് 8.25 രൂപയ്ക്കാണ് മറ്റിടങ്ങളിൽ നിന്നു ക്ഷീരസംഘത്തിൽ വൈക്കോൽ എത്തിക്കുന്നത്.

റോളിനു 165 രൂപ മുതൽ ഈ വൈക്കോൽ ലഭിക്കും. എന്നാൽ റോളിന് കുറഞ്ഞത് 200 രൂപ ലഭിച്ചാലേ പ്രാദേശിക കർഷകർക്ക് ലാഭകരമാകൂ. വൈക്കോൽ വിൽപനയിലൂടെയാണു നെല്ല് കർഷകർ കൊയ്ത്തുകൂലി സമാഹരിക്കുന്നത്. ഇങ്ങനെ ചെയ്താൽ മാത്രമേ തങ്ങൾക്ക് ചെറിയ ലാഭമെങ്കിലും കൃഷിയിൽ നിന്നു ലഭിക്കുകയുള്ളുവെന്ന് കർഷകർ പറയുന്നു.ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വൈക്കോൽ ഇറക്കുമതി ഒഴിവാക്കിയാൽ പ്രാദേശിക കർഷകരുടെ ഉൽപന്നം വിൽക്കാനാവുമെന്ന് തിരുമാറാടി പാടശേഖര സമിതി പ്രസിഡന്റ് സിബി ജോസഫ് പറഞ്ഞു. പ്രാദേശിക കർഷകരുടെ വൈക്കോൽ സമാഹരിച്ച് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യം.



# കൊച്ചിയിലെ വെള്ളക്കെട്ട് ലഘൂകരണം: പ്രവർത്തികൾക്ക് ഒരാഴ്ചക്കുള്ളിൽ അനുമതിയെന്ന് മുഖ്യമന്ത്രി



**കൊച്ചി:**കൊച്ചി കോർപ്പറേഷനിലെ തേവര പേരണ്ടൂർ കനാൽ (ടിപി കനാൽ) പുനരുദ്ധാരണം, കമ്മട്ടിപ്പാടം പ്രദേശത്തെ വെള്ളപ്പൊക്ക ലഘൂകരണം, കലുങ്കുകളുടെ പുനർനിർമ്മാണം, ഡ്രെയിനുകൾ പുനഃസ്ഥാപിക്കൽ, ഒ.ബി.ടി കൊച്ചി കോർപ്പറേഷനിലെ സൗത്ത് റെയിൽവേ സ്റ്റേഷൻ മുതൽ കായൽ വരെയുള്ള ഡ്രെയിനേജ് കനാൽ നിർമാണം, ഹൈക്കോടതി ജങ്ഷനു സമീപമുള്ള വെള്ളപ്പൊക്കം ലഘൂകരിക്കലും കൊച്ചി കോർപ്പറേഷനിൽ ബന്ധിപ്പിച്ച ഡ്രെയിനുകളുടെ നവീകരണം എന്നീ പ്രവൃത്തികൾക്കാണ് അനുമതി നൽകുക.കൊച്ചി: കൊച്ചിയിലെ വെള്ളക്കെട്ട് ലഘൂകരണ പ്രവർത്തികൾക്ക് ഒരാഴ്ചക്കുള്ളിൽ അനുമതി നൽകാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. വെള്ളക്കെട്ട് നിവാരണം ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലാണ് മുഖ്യമന്ത്രി നിർദേശം നൽകിയത്. കൊച്ചി കോർപ്പറേഷനിലെ തേവര പേരണ്ടൂർ കനാൽ (ടിപി കനാൽ) പുനരുദ്ധാരണം, കമ്മട്ടിപ്പാടം പ്രദേശത്തെ വെള്ളപ്പൊക്ക ലഘൂകരണം, കലുങ്കുകളുടെ പുനർനിർമ്മാണം, ഡ്രെയിനുകൾ പുനഃസ്ഥാപിക്കൽ, ഒ.ബി. ടി കൊച്ചി കോർപ്പറേഷനിലെ സൗത്ത് റെയിൽവേ സ്റ്റേഷൻ മുതൽ കായൽ വരെയുള്ള ഡ്രെയിനേജ് കനാൽ നിർമാണം, ഹൈക്കോടതി ജങ്ഷനു സമീപമുള്ള വെള്ളപ്പൊക്കം ലഘൂകരിക്കലും കൊച്ചി കോർപ്പറേഷനിൽ ബന്ധിപ്പിച്ച ഡ്രെയിനുകളുടെ നവീകരണം എന്നീ പ്രവൃത്തികൾക്കാണ് അനുമതി നൽകുക. 2019 ഒക്ടോബറിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് കൊച്ചി നഗരത്തിൽ 'ഓപ്പറേഷൻ ബ്രേക്ക്ത്രൂ' എന്ന പരിപാടിക്ക് തുടക്കം കുറിച്ചു. രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കിയത്. ആദ്യഘട്ടത്തിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ നഗരത്തിലെ ഓടകൾ നവീകരിച്ചു. ആദ്യഘട്ട പ്രവൃത്തികൾക്കായി 10 കോടി രൂപ വിനിയോഗിച്ചു. കായൽ മുഖങ്ങളിലെ തടസ്സങ്ങളും നഗരത്തിലെ പ്രധാന കനാലുകളിലെ തടസ്സങ്ങളും മാറ്റുന്നതിലാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചത്.വെള്ളക്കെട്ടിന് പരിഹാരം കാണാൻ ആധുനിക മെഷിനുകൾ വാങ്ങാനും തീരുമാനിച്ചു.ചെന്നൈ നഗരത്തിൽ കാനകളിലെ തടസ്സം നീക്കുവാൻ ഉപയോഗിച്ചുവരുന്ന മാതൃകയിലുള്ള രണ്ട് മെഷിനുകളാണ് വാങ്ങുക. ഒരു മെഷിൻ സ്മാർട്ട് സിറ്റി പദ്ധയിലും രണ്ടാമത്തേത് ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയിലും ഉൾപ്പെടുത്തിയാണ് വാങ്ങുക.കെഎംആർഎൽ വിഭാവനം ചെയ്ത കൊച്ചിയിലെ കനാൽ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കും. സിഎസ്എംഎൽ, കെഎംആർഎൽ, വാട്ടർ അതോറിറ്റി മുതലായ ഏജൻസികളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന് ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതിയും സംസ്ഥാനത്ത് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിതല സമിതിയും രൂപീകരിക്കും.യോഗത്തിൽ മന്ത്രിമാരായ പി രാജീവ്, റോഷി അഗസ്റ്റിൻ, എം ബി രാജേഷ്, കൊച്ചി മേയർ അഡ്വ. അനിൽകുമാർ, അഡീഷണൽ ചീഫ് സെക്രട്ടറിമാരായ ഡോ. വി വേണു, ശാരദാമുരളീധരൻ, എറണാകുളം ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ് തുടങ്ങിയവർ സംസാരിച്ചു.

## രാഷ്ട്രപതിയുടെ സന്ദർശനം; ഗതാഗത നിയന്ത്രണം

**ആലപ്പുഴ:** ഇൻഡ്യൻ രാഷ്ട്രപതിയുടെസന്ദർശനവുമായി ബന്ധപ്പെട്ട് 17ാം തിയതിവെള്ളിയാഴ്ച രാവിലെ 8.30 മണി മുതൽ 11.00 മണി വരെജില്ലയിൽ നങ്ങ്യാർകുളങ്ങര കവല മുതൽ ഓച്ചിറവരെ ദേശീയ പാതയിൽ ഗതാഗതനിയന്ത്രണമുണ്ടായിരിക്കുന്നതാണെന്ന് ജില്ല പോലീസ് മേധാവി അറിയിച്ചു.ആലപ്പുഴ ഭാഗത്ത് നിന്നുംകൊല്ലം ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾനങ്ങ്യാർകുളങ്ങര കവലയിൽ നിന്നും തിരിഞ്ഞ് മാവേലിക്കരചാരുമൂട് ചക്കുവള്ളി പുതിയകാവ് വഴി ദേശീയ പാതയിൽപ്രവേശിച്ച് പോകേണ്ടതും കൊല്ലം ഭാഗത്ത് നിന്നുംആലപ്പുഴ ഭാഗത്തേക്ക് പോകുന്ന വലിയ വാഹനങ്ങൾപുതിയകാവ് ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് ചക്കുവള്ളിചാരുംമൂട് മാവേലിക്കര തട്ടാരമ്പലംനങ്ങ്യാർകുളങ്ങര കവലവഴി ദേശീയ പാതയിൽ പ്രവേശിച്ചും പോകണം.ചെറിയ വാഹനങ്ങൾഓച്ചിറയിൽ നിന്നും തിരിഞ്ഞ് ചൂനാട് മാവേലിക്കരതട്ടാരമ്പലം നങ്ങ്യാർകുളങ്ങര കവല വഴി ദേശീയ പാതയിൽപ്രവേശിച്ച് പോകേണ്ടതുമാണ്.ഗതാഗതനിയന്ത്രണമുള്ളതിനാൽ വിദ്യാർത്ഥികൾപരീക്ഷയുമായി ബന്ധപ്പെട്ട് കഴിവതും രാവിലെ 08.30മണിക്ക് മുമ്പായി സ്കൂളുകളിൽ എത്തിച്ചേരുന്നതിന് ജില്ലാഭരണകൂടം നിർദ്ദേശിച്ചിട്ടുണ്ട്.

# സർക്കാർ അവഗണനയ്ക്കെതിരെ പ്രതിഷേധം;തയ്യൽ തൊഴിലാളികൾ കളക്ടറേറ്റിലേക്ക് മാർച്ചും ധർണയും നടത്തി



**കൊച്ചി:** തയ്യൽ തൊഴിലാളികളോടുള്ള സർക്കാരിന്റെ അവഗണനയിൽ പ്രതിഷേധിച്ച് ഓൾ കേരള ടെയ്‌ലേഴ്സ് അസോസിയേഷൻ(എ.കെ.ടി.എ)ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന സമരത്തിന്റെ മുന്നോടിയായി അസോസിയേഷൻ എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യൽ തൊഴിലാളികൾ എറണാകുളം കലക്ടറേറ്റിലേക്ക് പ്രതിഷേധ മാർച്ചും ധർണയും നടത്തി.തൃക്കാക്കര ബസ്സ്റ്റാന്റ് പരിസരത്ത് നിന്നും ആരംഭിച്ച മാർച്ചിൽ ആയിരക്കണക്കിന് തയ്യൽ തൊഴിലാളികൾ അണിനിരന്നു.തുടർന്ന് കളക്ടറേറ്റ് പടിക്കൽ നടന്ന ധർണ എ.കെ.ടി.എ സംസ്ഥാന സെക്രട്ടറി എ.എസ് കുട്ടപ്പൻ ഉദ്ഘാടനം ചെയ്തു.കേന്ദ്ര,സംസ്ഥാന സർക്കാർ പുതിയ ബജറ്റിലൂടെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച നികുതി പിൻവലിക്കണമെന്ന് എ.എസ്. കുട്ടപ്പൻ ആവശ്യപ്പെട്ടു.തയ്യൽ തൊഴിലാളികളോട് സർക്കാർ തികഞ്ഞ അവഗണനയാണ് കാണിക്കുന്നതെന്ന് എ.എസ് കുട്ടപ്പൻ കുറ്റപ്പെടുത്തി.തയ്യൽ തൊഴിലാളി ക്ഷേമനിധിയിലെ വെട്ടിക്കുറച്ച റിട്ടയർമെന്റ് ആനുകൂല്യം പുനസ്ഥാപിക്കണമെന്നും പ്രസവാനുകൂല്യമായി പ്രഖ്യാപിച്ചിട്ടുള്ള 15,000 രൂപ ഒറ്റത്തവണയായി നൽകാൻ സർക്കാർ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ഇരട്ടപെൻഷന്റെ പേരിൽ തയ്യൽ തൊഴിലാളികളായ വിധവകളുടെയും വികലാംഗരുടെയും പെൻഷനുകൾ തടഞ്ഞുവെച്ചിരിക്കുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല. വിധവ ,വികലാംഗ പെൻഷനുകൾ പുനസ്ഥാപിക്കണമെന്നും തയ്യൽതൊഴിലാളികളെയും ഇ.എസ്.ഐ ആനുകൂല്യത്തിൽ ഉൾപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ടി.ആർ നളിനാക്ഷൻ അധ്യക്ഷത വഹിച്ചു.ട്രഷറർ ഷീല മത്തായി,അബ്ദുൾ റസാഖ്,കെ.എ ബാബു,എ.കെ അശോകൻ,ജോസ് തോട്ടപ്പിള്ളി തുടങ്ങിയവർ സംസാരിച്ചു.

## ജി.എസ്.റ്റി. പരിശോധന: നികുതി വെട്ടിപ്പ് പിടികൂടി

**ആലപ്പുഴ:** സ്റ്റേറ്റ് ജി.എസ്.ടി ഡിപ്പാർട്ടമെന്റിന്റെ കോട്ടയം ഇന്റലിജൻസ് യൂണിറ്റ് നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ കായംകുളം, മണ്ണഞ്ചേരി എന്നീ പ്രദേശങ്ങളിലെ പത്തോളം വീടുകളിൽ പരിശോധനം നടത്തി. 30.70 കോടി രൂപയുടെ ചരക്കുകളുടെ വ്യാജബില്ല് ചമച്ചു 6.87 കോടിയോളം രൂപയുടെ നികുതി വെട്ടിച്ചതായാണ് ഇതിലൂടെ കണ്ടെത്തിയത്. തട്ടിപ്പിന് നേതൃത്വം നൽകിയ സ്ഥാപന ഉടമയായ നസീബ് എന്ന ആളെയാണ് അറസ്റ്റ് ചെയ്തത്.കോട്ടയം ഇന്റലിജൻസ് യൂണിറ്റ് കഴിഞ്ഞ ആറു മാസത്തിനിടയിൽ നടത്തിയ മൂന്നാമത്തെ അറസ്റ്റാണിത്.

ഡെപ്യൂട്ടി കമ്മിഷണർ (ഇന്റലിജൻസ്) ബോബി ഉമ്മൻ , ജോൺസൺ ചാക്കോ എന്നിവർ നേതൃത്വം നൽകി. ഇന്റലിജൻസ് ഓഫീസർ പ്രീതി കുര്യാക്കോസ്, ഇന്റലിജൻസ് ഇൻസ്പെക്ടർ മാരായ അഭിലാഷ് , വിനോദ്. ടി. ജെ., സിന്ധു .ആർ .നായർ, രഹന എം മജീദ്, എന്നിവർ അടങ്ങിയ സംഘമാണ് സെർച്ചിൽ പങ്കെടുത്തത്. തിരുവനന്തപുരം മേഖല ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം ജോയിൻറ് കമ്മിഷണർ കിരൺലാൽ. പി.എസിൻറെ നിർദേശപ്രകാരമാണ് പരിശോധന നടത്തിയത്.

# ബ്രഹ്മപുരം: 24 മണിക്കൂറും ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂമുകൾ



**കൊച്ചി:** ബ്രഹ്മപുരം തീപിടിത്തത്തെ തുടർന്നുണ്ടായ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രദ്ധേയ പ്രകടനം കാഴ്ചവച്ച് ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂമുകൾ. ജില്ലാ മെഡിക്കൽ ഓഫീസിലും കളമശ്ശേരി മെഡിക്കൽ കോളേജിലുമായി മാർച്ച് 5 മുതൽ രണ്ട് കൺട്രോൾ റൂമുകളാണ് പ്രവർത്തിക്കുന്നത്.ശ്വാസകോശ സംബന്ധിയായ ബുദ്ധിമുട്ടുകൾ ഉൾപ്പടെ നേരിടുന്നവർക്ക് ചികിത്സ തേടുന്നതിനായി 24 മണിക്കൂർ സേവനമാണ് ഒരുക്കിയിട്ടുള്ളത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രവർത്തനം. ഫോൺമുഖേനയാണ് വേണ്ട നിർദ്ദേശം നൽകുന്നത്. കൂടുതൽ ചികിത്സ ആവശ്യമുള്ളവരെ മെഡിക്കൽ കോളേജിലേക്കോ കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ സ്പെഷ്യാലിറ്റി റെസ്പോണ്ട്സ് സെന്ററിലേക്കോ റഫർ ചെയ്യും. പുക മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നവർക്കായി മെഡിക്കൽ കോളേജിൽ പ്രത്യേക വാർഡുമുണ്ട്. കളമശ്ശേരി മെഡിക്കൽ കോളേജിലെ കൺട്രോൾ റൂമിലേക്ക് 8075774769 എന്ന നമ്പറിലും ഡി.എം.ഒ ഓഫീസിലെ കൺട്രോൾ റൂമിലേക്ക് 0484 2360802 എന്ന നമ്പറിലുമാണ് ബന്ധപ്പെടേണ്ടത്. മെഡിക്കൽ കോളേജിൽ മൂന്ന് ഷിഫ്റ്റുകളിലായി ഡോക്ടർമാരുടെ സേവനവും ഡി.എം.ഒ ഓഫീസിൽ മൂന്ന് ഷിഫ്റ്റുകളിലായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുമാണ് ഉള്ളത്.

## പുസ്തകം പ്രകാശനം നാളെ

**ആലപ്പുഴ:** മാർച്ച് 17ന് ആരംഭിക്കുന്ന നാലാമത് വനിത അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഉദ്ഘാടനച്ചടങ്ങിൽ തിരക്കഥാകൃത്ത് ശാരംഗപാണിയുടെ ജീവിതത്തെക്കുറിച്ച് മകൾ ജൂല ശാരംഗപാണി എഴുതിയ 'ശാരംഗപാണിനീയം' എന്ന പുസ്തകം പ്രകാശനം ചെയ്യും. വൈകീട്ട് ആറിന് കൈരളി തിയേറ്ററിൽ നടക്കുന്ന ചടങ്ങിലാണ് പ്രകാശനം.

## ഇ–ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്ക് ങഘഅടഉഎ/ചഇഎഹീറ/ജഹമി പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്ന് ഇ-ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ നിന്നും, ഠഠഠ.ഹഴെ.സലൃമഹമ.ഴീ.ശി വെബ് സൈറ്റിൽ നിന്നും അറിയാം. (ഫോൺ:0485 2822544),ടെൻഡർ സർപ്പിക്കേ അവസാന തീയതി മാർച്ച് 22 വൈകിട്ട് ആറു വരെ.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2022–23 വാർഷിക പദ്ധതിയിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തികളുടെ ടെൻഡർ/ഇ ടെൻഡർ വിവിധ നടപടികളുടെ ഠഠഠ.ലലേിറലൃെ.സലൃമഹമ.ഴീ.ശി പൊതുമരാമത്ത് വിശദവിവരങ്ങൾ സൈറ്റുകളിലും, പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും, അറിയാവുന്നതാണ്

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിലുള്ള നോർത്ത് പറവൂർ നഗരസഭ പരിധിയിലെ അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉാകാവുന്നതുമായ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ നോർത്ത് പറവൂർ നഗരസഭയിൽ സ്ഥിരതാമസക്കാരായ വനിതകളായിരിക്കണം. പ്രായപരിധി 18നും 46നും മധ്യേ. നോർത്ത് പറവൂർ ഐ.സി.ഡി.എസ് ഓഫീസിൽ മാർച്ച് 31 വൈകിട്ട് 5 വരെയാണ് അപേക്ഷ സ്വീകരിക്കുക. അപേക്ഷയുടെ മാതൃക ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, നഗരസഭ കാര്യാലയം എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ സിവിൽ സ്റ്റേഷനിലെ രാം നിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടേതാണ്.ഫോൺ : 0484 2448803

## അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഹരിപ്പാട് കേന്ദ്രത്തിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ ഇൻ കംപ്യൂട്ടർ അപ്ലിക്കേഷൻ, ടാലി, ഡേറ്റാ എൻട്രി ആന്റ് ഓഫീസ് ഓട്ടോമേഷൻ എന്നീ കോഴ്സുകളിലേക്ക് ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. കോഴ്സ് സമയം, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്ക് വേു:// ഹയരെലബ്യേല.സലൃമഹമ.ഴീ.ശി/ലെ്യ ശരലെ/രീൗൃലെ എന്ന ലിങ്ക് സന്ദർശിക്കുക. എസ്.സി./എസ്.ടി., ഒ.ഇ.സി. വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസാനുകൂല്യം ലഭിക്കും. ഫോൺ: 04792417020

# ബ്രഹ്മപുരത്ത് നിരീക്ഷണത്തിന് മുഴുവൻ സമയവും ഫയർ വാച്ചേഴ്സ്; പോലീസ് പട്രോളിംഗ് ശക്തമാക്കും



**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്ന് മുഴുവൻ സമയവും ഫയർ വാച്ചർമാരെ നിയോഗിക്കാനും സ്ഥലത്ത് പോലീസിന്റെ പട്രോളിംഗ് ശക്തമാക്കാനും തീരുമാനം. തീപിടിത്തത്തെ തുടർന്ന് രൂപീകരിച്ച എംപവേഡ് കമ്മിറ്റിയുടെ ആദ്യയോഗത്തിലാണ് തീരുമാനം. കോർപ്പറേഷനാണ് ഫയർ വാച്ചേഴ്സിനെ നിയോഗിക്കാനുള്ള ചുമതല. ബ്രഹ്മപുരത്തെ മുഴുവൻ പ്രദേശവും ഫയർ വാച്ചർമാരുടെ നിരീക്ഷണത്തിലായിരിക്കും. ബ്രഹ്മപുരത്ത് ജാഗ്രത തുടരുകയാണെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് പറഞ്ഞു. ജില്ലയിലെ ഫയർ ആന്റ് റസ്ക്യൂ സേനാംഗങ്ങൾ ഇപ്പോഴും ബ്രഹ്മപുരത്ത് ക്യാംപ് ചെയ്യുന്നുണ്ട്. ചെറിയൊരു തീപിടിത്തമുണ്ടായാലും തീ അണയ്ക്കാനാവശ്യമായ എല്ലാ സംവിധാനങ്ങളും സജ്ജമാണ്. തീപിടിത്തമുണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ഫയർ ആന്റ് റെസ്ക്യൂ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കും. ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താൻ ഓരോ വീടും കയറി ആരോഗ്യ സർവേ പുരോഗമിക്കുകയാണ്. സർവേയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുടർ ചികിത്സ ആവശ്യമുള്ളവരോട് സമീപത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെത്താൻ നിർദേശിക്കും. ടെലിഫോൺ വഴിയും സേവനം ലഭ്യമാക്കും.ഫയർ ഉദ്യോഗസ്ഥർക്കായി കാക്കനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രത്യേക മെഡിക്കൽ ക്യാംപ ഒരുക്കിയിട്ടുണ്ട്. തീ അണച്ച ശേഷം മറ്റു ജില്ലകളിലേക്ക് മടങ്ങി പോയ ഫയർ ഉദ്യോഗസ്ഥർക്ക് അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസ് വഴി ആരോഗ്യ പരിരക്ഷയും തുടർ പരിശോധനയും ഉറപ്പാക്കിയിട്ടുണ്ട്. ജില്ലാ മാനസികാരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട് തീ അണയ്ക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് ലഭ്യമാക്കും. ജില്ലയിൽ 14 മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർ പരിശോധനയും ഉറപ്പാക്കിയിട്ടുണ്ട്. എസ്കവേറ്റർ ഡ്രൈവർമാർ, സിവിൽ ഡിഫൻസ്, കോർപ്പറേഷൻ ജീവനക്കാർ എന്നിവർക്കും ആരോഗ്യസംരക്ഷണം ഉറപ്പാക്കും. ബ്രഹ്മപുരത്ത് താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കാനും നിർദേശം നൽകി. തദ്ദേശ വാസികളുടെ ആശങ്ക അകറ്റുന്നതിനായി മാർച്ച് 17 ന് മാലിന്യ സംസ്കരണം, ആരോഗ്യ സംരക്ഷണം, പരിസ്ഥിതി എന്നീ വിഷയങ്ങളിൽ വിദഗ്ധരുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് നടത്തും. മലിനീകരണ നിയന്ത്രണ ബോർഡ് ബ്രഹ്മപുരത്തെ വായു, വെള്ളം, മണ്ണ് എന്നിവയുടെ സാംപിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കും. പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കും. ഭാവിയിൽ ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ തീപിടിത്തമുണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ കരുതൽ നടപടികളും എംപവേഡ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നിർവഹിക്കും. സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നതിന് കമ്മിറ്റി കർശന നിരീക്ഷണം നടത്തും. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് അടക്കം നിലവിലുള്ള പദ്ധതികൾ ആറു മാസത്തിനകം പൂർത്തീകരിക്കാനാണ് ലക്ഷ്യം. ഇതിന്റെ ദൈനംദിന അവലോകനവും നടത്തുമെന്നും കളക്ടർ പറഞ്ഞു. ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ വികസന കമ്മീഷണർ ചേതൻ കുമാർ മീണ, പോലീസ്, ഫയർ ആന്റ് റെസ്ക്യൂ, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിത കേരളം മിഷൻ, കുടുംബശ്രീ, ആരോഗ്യം, കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# സംസ്കൃത സർവ്വകലാശാലയിൽ 'ഓഞ്ചെ' ഇന്ന് തുടങ്ങും




**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ വിഷ്വൽ ആർട്സ് വിഭാഗത്തിലെ ബി. എഫ്. എ. ( 2019 –2023 ബാച്ച് ) വിദ്യാർത്ഥികളുടെ ആർട്ട് എക്സിബിഷൻ 'ഓഞ്ചെ' ഇന്ന് കാലടി മുഖ്യക്യാമ്പസിൽ തുടങ്ങുമെന്ന് വിഷ്വൽ ആർട്സ് വിഭാഗം തലവൻ ഡോ. ടി. ജി ജ്യോതിലാൽ അറിയിച്ചു. കേരള ലളിതകലാ അക്കാദമിയുമായി സഹകരിച്ചാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലുള്ള ഫൈൻ ആർട്സ് ബ്ലോക്കിലാണ് ആർട്ട് എക്സിബിഷൻ ക്രമീകരിച്ചിരിക്കുന്നത്. സർവ്വകലാശാലയിലെ 43 അവസാന വർഷ ബി. എഫ്. എ. വിദ്യാർത്ഥികൾ ( 2019–2023 ബാച്ച് ) കോഴ്സിന്റെ ഭാഗമായി ചെയ്ത കലാസൃഷ്ടികളാണ് പ്രദർശിപ്പിക്കുക. പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപചർ വിഭാഗങ്ങളിലായി 150ഓളം കലാസൃഷ്ടികളാണ് പ്രദർശനത്തിലുണ്ടാവുക. പ്രദർശനം മാർച്ച് 24ന് അവസാനിക്കും. തുളു ഭാഷയിലുള്ള വാക്കാണ് 'ഓഞ്ചെ'. ' ഒന്നിച്ച് ' എന്നാണ് ഈ വാക്കിന്റെ അർത്ഥമെന്ന് വിദ്യാർത്ഥി പ്രതിനിധി വൈശാഖ് പി. ആർ. പറഞ്ഞു.16ന് രാവിലെ 10.30ന് യൂട്ടിലിറ്റി സെന്ററിൽ നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ വിഷ്വൽ ആർട്സ് വിഭാഗം തലവൻ ഡോ. ടി. ജി. ജ്യോതിലാൽ അധ്യക്ഷത വഹിക്കും. കേരള ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് ആർട്ട് എക്സിബിഷൻ ഉദ്ഘാടനം ചെയ്യും. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി കാറ്റലോഗിന്റെ പ്രകാശനം നിർവ്വഹിക്കും. സ്റ്റുഡന്റ്സ് സർവ്വീസസ് ഡയറക്ടർ ഡോ. പി. ഉണ്ണികൃഷ്ണൻ, ഡോ. സാജു തുരുത്തിൽ, ഡോ. ഷാജു നെല്ലായി, എ. എസ്. അഞ്ചൽ അശോക്, പി. ആർ. വൈശാഖ് എന്നിവർ പ്രസംഗിക്കും. വിഷ്വൽ ആർട്ടിസ്റ്റുമാരായ അർജ്ജുൻ പനയാൽ, എസ്. എൻ. സുജിത് എന്നിവരുടെ സ്ൈളഡ് ഷോ യഥാക്രമം മാർച്ച് 17, 20 തീയതികളിൽ നടക്കും. മാർച്ച് 17ന് വൈകിട്ട് നാലിന് നാടക വിഭാഗം അവതരിപ്പിക്കുന്ന തിയറ്റർ പെർഫോമൻസ് നടക്കും. 20ന് ഉച്ചകഴിഞ്ഞ് രണ്ടിന് ഫോട്ടോഗ്രാഫർ കെ. ആർ. സുനിലിന്റെ ഡോക്യുമെന്ററി പ്രദർശനവും സ്ലൈഡ് പ്രസന്റേഷനും ഉണ്ടായിരിക്കും. 21ന് രാവിലെ 10.30ന് നടക്കുന്ന ചാനൽ ചർച്ചയിൽ എസ്. മുഹമ്മദ് ഷാഫി മോഡറേറ്ററായിരിക്കും. സുധീഷ് കൊട്ടേമ്പ്രം, ബിപിൻ ബാലചന്ദ്രൻ, ഡോ. ഷാജു നെല്ലായി, എം. പി. നിഷാദ്, കൃഷ്ണപ്രിയ എന്നിവർ പങ്കെടുക്കും. വൈകിട്ട് ആറിന് നിഥിൻ രാജിന്റെ ആർട്ട് പെർഫോമൻസ് നടക്കും. 22ന് രാവിലെ 10.30ന് ഇക്കോ പ്രിന്റിംഗ് ക്യാമ്പ് ആരംഭിക്കും. ഡോ. ടി. ജി. ജ്യോതിലാൻ അധ്യക്ഷനായിരിക്കും. എ. എസ്. രാഗേഷ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. വി. അഖിൽജിത് മുഖ്യപ്രഭാഷണം നടത്തും. കെ. പി. മുഹമ്മദ് ഇസ്മയിൽ, ജോൺ വർഗീസ്, ടി. കെ. ശില്പ, മാർട്ടീന ബാബു എന്നിവർ പ്രസംഗിക്കുക. 24ന് വൈകിട്ട് മൂന്നിന് നടക്കുന്ന സമാപന സമ്മേളനത്തിൽ ഡോ. സാജു തുരുത്തിൽ അധ്യക്ഷനായിരിക്കും. ഡി. ഷാജികുമാർ മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. എസ്. ആനന്ദ്, പി. ആർ. വൈശാഖ് എന്നിവർ പ്രസംഗിക്കും.

# ഇന്ത്യയിലെ ഓപ്പൺ ഇന്റർനെറ്റ് ഉപയോക്താക്കൾ 600 ദശലക്ഷത്തിലെത്തിയെന്ന് പഠനം

**കൊച്ചി:**വാർത്തകളും പൊതുവായ വെബ്സൈറ്റുകളും ഒടിടിയും കണക്ടഡ് ടിവിയും മ്യൂസിക് സ്ട്രീമിങ്ങും ഓൺലൈൻ ഗെയിമിങ്ങും എല്ലാം അടങ്ങുന്ന ഓപ്പൺ ഇന്റർനെറ്റ് ഉപയോഗിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം 600 ദശലക്ഷത്തിലെത്തിയതായി പഠനം. കഴിഞ്ഞ വർഷം ഓപ്പൺ ഇന്റർനെറ്റ് ഉപയോക്താക്കളിൽ അഞ്ചിൽ നാലു പേരും തങ്ങളുടെ ഉപയോഗം വർധിപ്പിച്ചതായും ഇതേക്കുറിച്ചുള്ള പഠനം ചൂണ്ടിക്കാട്ടുന്നു. ഓപ്പൺ ഇന്റർനെറ്റിൽ ചെലവിടുന്ന സമയം വർധിക്കുമ്പോൾ പരസ്യത്തിനായുള്ളത് കുറയുന്നതായും ഗെയ്റ്റ് വേ ടു ഓപ്പൺ ഇന്റർനെറ്റ് എന്ന പേരിൽ ആഗോള പരസ്യ സാങ്കേതികവിദ്യാ മുൻനിരക്കാരായ ദി ട്രേഡ് ഡെസ്കും കാന്തറും സംയുക്തമായി പുറത്തിറക്കിയ വിപണി ഗവേഷണ റിപോർട്ട് ചൂണ്ടിക്കാട്ടുന്നു.ഉപഭോക്താക്കൾ ഡിജിറ്റൽ മാധ്യമങ്ങളിൽ ഓരോ മാസവും ചെലവഴിക്കുന്ന ശരാശരി 307 മണിക്കൂറിൽ പകുതിയോളം (52 ശതമാനം) ഓപ്പൺ ഇന്റർനെറ്റിലാണെന്നു പഠനം ചൂണ്ടിക്കാട്ടുന്നു. സാമൂഹ്യ മാധ്യമങ്ങൾ, യൂസർ ജനറേറ്റഡ് കണ്ടന്റ്, ലൈവ് ഗെയിം സ്ട്രീമിങ് എന്നിവയിൽ നിന്നുള്ള മാറ്റമായാണ് ഇതിനെ കണക്കാക്കുന്നത്. എങ്കിൽ തന്നെയും വാൾഡ് ഗാർഡൻസ് എന്നു വിളിക്കപ്പെടുന്ന ഈ വിഭാഗം ഓപ്പൺ ഇന്റർനെറ്റിനെ അപേക്ഷിച്ച് 5.5 മടങ്ങ് പരസ്യ ചെലവഴിക്കലാണ് ഇന്ത്യയിൽ നടത്തുന്നതെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിലെ ഡിജിറ്റൽ പരസ്യ ബജറ്റിന്റെ 15 ശതമാനമാണിത്.നാം ആസ്വദിക്കുന്ന ഏറ്റവും മികച്ച ഉള്ളടക്കങ്ങളിൽ പലതും ഓപ്പൺ ഇന്റർനെറ്റിൽ നിന്നാണു വരുന്നതെന്ന് ദി ട്രേഡ് ഡെസ്ക്കിന്റെ ഇന്ത്യ ജനറൽ മാനേജർ തേജേന്ദർ ഗിൽ പറഞ്ഞു. ഇവയിൽ ഏതാണ്ട് എല്ലാം തന്നെ പരസ്യങ്ങളുടെ സാമ്പത്തിക പിന്തുണയോടെയാണ് വരുന്നത്. ഓപ്പൺ ഇന്റർനെറ്റിൽ ഉപഭോക്താക്കൾ ചെലവഴിക്കുന്ന സമയവും പരസ്യ ചെലവഴിക്കലും തമ്മിലുള്ള അന്തരം ഇന്നത്തെ വിപണനക്കാർക്കുള്ള വൻ അവസരമാണു ചൂണ്ടിക്കാട്ടുന്നതെന്നും ഓപ്പൺ ഇന്റർനെറ്റിൽ പരസ്യം ചെയ്യാനുള്ള വൻ സാധ്യതകളാണ് ഈ റിപ്പോർട്ടു ചൂണ്ടിക്കാട്ടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യക്കാരിൽ 45 ശതമാനവും പ്രൊഫഷണലായി തയ്യാറാക്കപ്പെടുന്ന പ്രീമിയം ഉള്ളടക്കം പ്രയോജനപ്പെടുത്താനാണ് ഇഷ്ടപ്പെടുന്നതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇവ ലഭിക്കുന്നത് ഓപ്പൺ ഇന്റർനെറ്റിലാണ്. ഒടിടി, സിടിവി, മ്യൂസിക് സ്ട്രീമിങ് പ്ലാറ്റ്ഫോമുകൾ തുടങ്ങിയവ പലതും പ്രീമിയം വിഭാഗത്തിൽ പെട്ട വിശ്വസനീയമായവയിൽ നിന്നാണ് വരുന്നത്. ഉപഭോക്താക്കളുടെ ജീവിതത്തിൽ ഓപ്പൺ ഇന്റർനെറ്റിനു പ്രാധാന്യം വർധിക്കുന്നതും പ്രാദേശിക ഭാഷകൾക്കു സ്വാധീനം വർധിക്കുന്നതും റിപോർട്ട് ചൂണ്ടിക്കാട്ടുന്നു

# കേരളത്തിൽ ചുവടുറപ്പിക്കാൻ ഒരുങ്ങി ആരൻക്യു



**തിരുവനന്തപുരം:** രാജ്യത്തൊട്ടാകെ ബിസിനസ് വ്യാപിപ്പിക്കാൻ ഒരുങ്ങി ഇന്ത്യയിൽ അതിവേഗം വളരുന്ന സ്റ്റോറേജ് ബാറ്ററി നിർമാതാവും വിതരണക്കാരുമായ ആരൻക്യു. സംസ്ഥാനത്തെ പൊതുമേഖലാ വാഹനനിർമാതാക്കളായ കേരള ഓട്ടോമൊബൈൽ ലിമിറ്റഡുമായി (കെ.എ. എൽ) ദീർഘകാല കരാറിൽ കമ്പനി ഒപ്പുവെച്ചു. കെ.എ.എൽ വികസിപ്പിക്കുന്ന വാഹനങ്ങൾക്കുള്ള മോട്ടോർ, മോട്ടോർ കണ്ട്രോളർ, ബാറ്ററികൾ എന്നിവ ആരൻക്യു നൽകും.ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ പുത്തനമ്പലം വാർഡിൽ ആരൻക്യുവിന്റെ കേരളത്തിലെ ആദ്യത്തെ ഓഫിസ് പ്രവർത്തനം തുടങ്ങി. നെയ്യാറ്റിൻകര എംഎൽഎ ആൻസലനാണ് ഓഫിസ് ഉദ്ഘാടനം ചെയ്തത്. കെ.എ.എല്ലിനൊപ്പം വാഹനനിർമാണ രംഗത്ത് ഗവേഷണ, വികസന പ്രവർത്തനങ്ങളിലും കമ്പനി പങ്കാളിയാകും. കൂടുതൽ സ്ഥലങ്ങളിലേക്ക് ബിസിനസ് വ്യാപിപ്പിക്കുന്നതിനായി കമ്പനി തയാറാക്കിയിട്ടുള്ള വിശാല വികസന പദ്ധതിയുടെ ഭാഗമാണ് പുതിയ നീക്കം.കേരളത്തിലുള്ള കമ്പനിയുടെ ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നതെന്ന് ആരൻക്യുവിന്റെ ഓപ്പറേഷൻസ് ഹെഡ് വി.ജി. അനിൽ പറഞ്ഞു.പുനെയിലാണ് കമ്പനിയുടെ പ്രധാന ഓഫിസ്. കഴിഞ്ഞ 15 വർഷമായി യുഎസ്പി ബാറ്ററികൾ, ഊർജ ശേഖരണ സംവിധാനങ്ങൾ, ഇലക്ട്രിക്ക് വാഹനങ്ങൾക്കും സോളാർ സംവിധാനങ്ങൾക്കുമുള്ള ബാറ്ററികൾ എന്നിവ നിർമിക്കുന്നു.

# ഡാർക്ക് എഡീഷൻ റെഫ്രിജിറ്റേറുകൾ അവതരിപ്പിച്ച് ഗോദ്റെജ്



**കൊച്ചി:** ഗോദ്റെജ് അപ്ലയൻസസ് കടുംനിറങ്ങളിലുള്ള റെഫ്രജിറേറ്ററുകളുടെ ശ്രേണി വിപണിയിൽ അവതരിപ്പിച്ചു.മാറ്റ് ബ്ലാക്ക്, ഗ്ലാസ് ബ്ലാക്ക്, ഒനിക്സ് ബ്ലാക്ക്, ഐസ് ബ്ലാക്ക്, ഫോസിൽ സ്റ്റീൽ തുടങ്ങിയ നിറങ്ങൾ ഉൾപ്പെടെ 19 എസ്കെയുകൾ ( സ്റ്റോക്ക് കീപ്പിംഗ് യൂണിറ്റ്) ഉൾക്കൊള്ളുന്നതാണ് ഗോദ്റെജിന്റെ ഡാർക്ക് എഡിഷൻ റഫ്രിജറേറ്റർ ശ്രേണി. 192564 ലിറ്റർ ശേഷിയിലുള്ള റെഫ്രജിറേറ്ററുകളുടെ വില 24000 രൂപ മുതൽ 90000 രൂപ വരെയാണ്. സ്റ്റോറുകളിൽനിന്നും നേരിട്ടും ഓൺലൈനായും ഉൽപ്പന്നങ്ങൾ വാങ്ങാമെന്ന് ഗോദ്റെജ് അപ്ലയൻസസ്, റഫ്രിജറേറ്റർ പ്രൊഡക്ട് ഗ്രൂപ്പ് ഹെഡ് അനുപ് ഭാർഗവ പറഞ്ഞു.ഫോർ ഇൻ വൺ ഫുള്ളി കൺവേർട്ടിബിൾ മോഡ്, 95 ശതമാനത്തിലധികം ഭക്ഷ്യോപരിതല അണുവിമുക്തമാക്കൽ, 30 ദിവസത്തെ ഫാം ഫ്രഷ്നെസ് എന്നിവ നൽകുന്ന നാനോ ഷീൽഡ് ടെക്നോളജി, കൂൾ ബാലൻസ് ടെക്നോളജി, വേഗമേറിയ ബോട്ടിൽ, ഐസ് കൂളിംഗിനുമുള്ള ടർബോ കൂളിംഗ് ടെക്നോളജി തുടങ്ങിയ നിരവധി നൂതന സാങ്കേതികവിദ്യകളാണ് ഗോദ്റെജ് അപ്ലയൻസസ് റെഫ്രജിറേറ്ററുകളിൽ ഉപയോഗിക്കുന്നത്. കറുത്ത നിറത്തിലുള്ള റഫ്രിജറേറ്ററുകൾക്ക് 44 ശതമാനത്തിലധികം വളർച്ച തങ്ങൾ നിരീക്ഷിച്ചു. ഉപഭോക്താക്കൾക്ക് നിരവധി സവിശേഷതകളും നൂതന സാങ്കേതികവിദ്യകളുമുള്ള ഗോദ്റെജിന്റെ ഡാർക്ക് എഡീഷൻ പതിപ്പ് റെഫ്രജിറേറ്റുകൾ നിശ്ചയമായും മികച്ച തെരഞ്ഞെടുപ്പായിരിക്കുമെന്നും അനുപ് ഭാർഗവ പറഞ്ഞു.

# ഇൻഫോപാർക്കിൽ ഓഫീസ് ആരംഭിച്ച് ഇൻഫെനോക്സ്



**കൊച്ചി:** പ്രമുഖ നോർത്ത് അമേരിക്കൻ ഇൻഫർമേഷൻ ടെക്നോളജി ഓർഗനൈസേഷനായ ഇൻഫെനോക്സ് ടെക്നോളജീസ് ഇൻഫോപാർക്കിൽ പുതിയ ഓഫീസ് ആരംഭിച്ചു. ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം നിർവഹിച്ചു. യു.എസ്.എയിലും കാനഡയിലും സൗത്ത് അമേരിക്കയിലും പ്രവർത്തിക്കുന്ന ഇൻഫെനോക്സ് ടെക്നോളജീസ് കാനഡിയിലെ ടൊറന്റോ ആസ്ഥാനമാക്കി അതിവേഗം വളരുന്ന ഐ.ടി സേവന ദാതാക്കളിൽ ഒന്നാണ്. ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ക്ലൗഡ് കംപ്യൂട്ടിങ്ങ്, ഓമ്നിചാനൽ കൊമേഴ്സ്, ഐ ടി സോഫ്റ്റ്വെയർ വികസനം തുടങ്ങിയ മേഖലകളിലാണ് ഇൻഫെനോക്സ് ടെക്നോളജീസിന്റെ പ്രവർത്തനം.ഇൻഫോപാർക്ക് ഫെയ്സ് 2 ജ്യോതിർമയയിൽ പുതുതായി ആരംഭിച്ച ഓഫീസ് ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്കും സഹകാരികൾക്കും വിപുലമായ സാങ്കേതിക സേവനങ്ങൾ നൽകുന്നതിനുള്ള പ്രധാന കേന്ദ്രമായി പ്രവർത്തിക്കുമെന്ന് ഗ്രൂപ്പ് ചെയർമാനും സി.ഇ.ഒയുമായ ജോൺ ജോസഫ് പറഞ്ഞു.ക്ലൈന്റുകളുടെ സ്ട്രാറ്റജിക് പാർട്ണർ ആകുന്നതിനുള്ള കാഴ്ച്ചപ്പാടോടെ അവരുടെ വിജയത്തിനും ബിസിനസ് വളർച്ചയ്ക്കും സംഭാവന നൽകാൻ പ്രതിജ്ഞാബദ്ധമായാണ് ഇൻഫെനോക്സ് പ്രവർത്തിക്കുന്നതെന്നും ജോൺ ജോസഫ് പറഞ്ഞു. 2023 –24 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ കമ്പനി നൂറിലധികം തൊഴിലവസരങ്ങൾ കൊണ്ടുവരുമെന്ന് ഇൻഫെനോക്സ് ടെക്നോളജീസ് ഇന്ത്യ മാനേജിങ്ങ് ഡയറക്ടറും സി.ഇ.ഒയുമായ അജിത് കുമാർ പറഞ്ഞു. ലോകമെമ്പാടുമുള്ള ക്ലയന്റുകളുമായി കാര്യക്ഷമമായി ആശയവിനിമയം നടത്താൻ കഴിയുന്ന മുതിർന്ന സാങ്കേതിക വിദഗ്ധരെയും ഇൻഡസ്ട്രിയിലെ നേതൃനിരയിൽ പ്രവർത്തിക്കുന്നവരെയും നിയമിക്കാനും ഇൻഫെനോക്സ് ലക്ഷ്യമിടുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ലോജിസ്റ്റിക് സ്റ്റാർട്ടപ്പായ പോർട്ടർ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** തദ്ദേശിയ ലോജിസ്റ്റിക് സ്റ്റാർട്ടപ്പായ പോർട്ടർ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. വേഗത്തിലും സുരക്ഷിതവുമായി വൈവിധ്യമാർന്ന ചരക്കുകൾ തടസരഹിതമായി പോർട്ടർ കൈകാര്യം ചെയ്യുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ആദ്യഘട്ടത്തിൽ പ്രാദേശിക ത്രീവീലർ ഡ്രൈവർമാരെ പങ്കാളികളാക്കും. വരും മാസങ്ങളിൽ ഇരുചക്രവാഹനങ്ങളടക്കം മറ്റു വാഹനങ്ങളും ഇതിനോട് കൂട്ടിച്ചേർക്കും. രാജ്യാന്തര ലോജിസ്റ്റിക് രാഗത്തുണ്ടായിട്ടുള്ള മാറ്റം സ്ഥാപനങ്ങൾക്ക് അവരുടെ സേവനം ടയർ 2, ടയർ 3 നഗരങ്ങളിൽ ലോജിസ്റ്റിക് ഡിമാൻഡ് വർധിക്കുന്നതിന് കാരണമായിട്ടുണ്ട്. കൊച്ചിയിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ സ്വന്തമായി ചെറുവാഹനങ്ങളുള്ളവർക്ക് ജോലി നേടാനുള്ള അവസരമാണ് സൃഷ്ടിച്ചിരിക്കുന്നത്. അവർക്ക് സൗകര്യപ്രദമായ സമയം തെരഞ്ഞെടുത്ത് ജോലി ചെയ്യുന്നതിന് പോർട്ടർ സൗകര്യമൊരുക്കും. ഇത് സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായിക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പി വിദഗ്ദ്ധരുടെ ദേശീയ സമ്മേളനം

**കൊച്ചി:** ഇന്ത്യൻ അസോസിയേഷൻ ഓഫ് ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിസ്റ്റുകളുടെ (ഐ.എ.ജി.ഇ) ദേശീയ സമ്മേളനം മാർച്ച് 17 ന് കൊച്ചി ലെ മെറിഡിയനിൽ ആരംഭിക്കും.18 ന് വൈകീട്ട് ഏഴിന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഐ.എ.ജി.ഇ പ്രസിഡന്റ് ഡോ. ഭാസ്കർ പാൽ, പ്രസിഡന്റ് ഇലക്ട് ഡോ. പണ്ഡിറ്റ് പാലസ്കർ, സെക്രട്ടറി ഡോ. അതുൽ ഗണത്ര, ഓർഗനൈസിംഗ് ചെയർ ഡോ. പോൾ പി.ജി, ഡോ. സുബാഷ് മല്യ, ഡോ. കല്യാണ് ബർമഡെ, ഡോ. സുധാ ടണ്ടൻ, ഡോ.സുജൽ മുൻഷി എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കും.ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിയിലെ ശാസ്ത്ര മുന്നേറ്റങ്ങളെക്കുറിച്ചും നൂതന സാങ്കേതികവിദ്യകളെക്കുറിച്ചും മൂന്ന് ദിവസത്തെ സമ്മേളനം ചർച്ച ചെയ്യും.ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദഗ്ദ്ധർ നടത്തുന്ന സങ്കീർണ്ണമായ ശസ്ത്രക്രിയകൾ തത്സമയം സമ്മേളന വേദിയിലേക്ക് പ്രക്ഷേപണം ചെയ്യുന്ന ലൈവ് ഓപ്പറേറ്റീവ് വർക്ക് ഷോപ്പുകൾ ഒന്നര ദിവസം നീണ്ടു നിൽക്കും. റോം, സൂറിച്ച്, മുംബൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, കൊച്ചി എന്നിവിടങ്ങളിൽ നിന്നാണ് തത്സമയ ശസ്ത്രക്രിയകൾ സംപ്രേക്ഷണം ചെയ്യുക. ഈ മേഖലയിലെ ഏറ്റവും പുതിയ മെഡിക്കൽ ടെക്നോളജി, ചികിത്സാ രീതികൾ, ദേശീയ അന്തർദേശീയ വിദഗ്ധരുടെ സാങ്കേതികവുമായ വൈദഗ്ധ്യം എന്നിവ പങ്കിടുക, പൊതുജനാവബോധം സൃഷ്ടിക്കുക, എല്ലാവർക്കും മികച്ച ഗൈനക്കോളജിക്കൽ ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സമ്മേളനം നടക്കുന്നതെന്ന് ഓർഗനൈസിംഗ് ചെയർമാനും കലൂർ പോൾസ് ഹോസ്പിറ്റലിലെ ചീഫ് ഗൈനക്കോളജിസ്റ്റുമായ ഡോ. പോൾ പി.ജി പറഞ്ഞു.പരമ്പരാഗത സ്ട്രെയ്റ്റ് സ്റ്റിക്ക് കീഹോൾ സർജറി മുതൽ റോബോട്ടിക്സ് വരെയുള്ള ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിയുടെ വളർച്ചയും വികാസവും




ഡോ. പോൾ പി.ജി വിവരിച്ചു. നൂതന 3ഉ ഇമേജിംഗും റോബോട്ടിക് ലാപ്രോസ്കോപ്പിക് രീതികളും ശസ്ത്രക്രിയ നടത്തേണ്ട ഭാഗത്തെ വിശദമായ ത്രിമാന ഇമേജിംഗ് നൽകുന്നു. ശസ്ത്രക്രിയ സുഗമമാക്കുന്നതിനൊപ്പം രോഗവിമുക്തിയും അതിവേഗമാണ്, അദ്ദേഹം പറഞ്ഞു.ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിക് സർജറിയുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന വിദഗ്ധരുടെ പ്രസംഗങ്ങൾ, പ്ലീനറി സെഷനുകൾ, പാനൽ ചർച്ചകൾ, സംവാദങ്ങൾ, പേപ്പർ അവതരണങ്ങൾ എന്നിവ ശാസ്ത്രീയ സെഷനുകളിൽ നടക്കും.ഗർഭപാത്രത്തിന് പുറത്തുള്ള എൻഡോമെട്രിയൽ ടിഷ്യു വളർച്ച (എൻഡോമെട്രിയോസിസ്), എൻഡോസ്കോപ്പിക് ശസ്ത്രക്രിയ, നൂതന ലാപ് ഗൈന ഓങ്കോളജി, അണ്ഡാശയ മുഴകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ; അഡെനോമിയോസിസ് ആന്തരിക എൻഡോമെട്രിയോസിസിനുള്ള റോബോട്ടിക് ശസ്ത്രക്രിയ, ഗർഭാശയത്തിലെ ഫൈബ്രോയിഡുകൾ നീക്കംചെയ്യുന്ന മയോമെക്ടമി, ഗർഭപാത്രം നീക്കംചെയ്യൽ അഥവാ ഹിസ്റ്റെരെക്ടമി, വിവിധ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയാ മാനേജ്മെന്റുകൾ എന്നിവയിൽ പ്രത്യേക സെഷനുകൾ നടക്കും.ഇരുപത് അന്താരാഷ്ട്ര ഫാക്കൽട്ടികളും, അമ്പതിലധികം ദേശീയ ഫാക്കൽട്ടികളുമടക്കം അഞ്ഞൂറിലധികം വിദഗ്ദർ സമ്മേളനത്തിൽ പങ്കെടുക്കും.

# എറണാകുളത്ത് ആരോഗ്യ വകുപ്പിന്റെ ടെലിഫോണിക് സർവലൻസ്

കൊച്ചി: എറണാകുളത്ത് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ടെലിഫോണിക് സർവലൻസ് ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പരിശീലനം സിദ്ധിച്ച ജില്ലാ റെസ്പോൺസ് ടീമാണ് ഈ സേവനം ലഭ്യമാക്കുന്നത്. സഹായം ആവശ്യമുള്ളവരെ നേരിട്ട് വിളിച്ച് മാർഗനിർദേശങ്ങളും മാനസിക പിന്തുണയും നൽകും. ഇതിനായി കൗൺസിലർമാരുടെ സേവനം ലഭ്യാക്കിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ പുക മൂലം വായു മലിനീകരണമുണ്ടായ സ്ഥലങ്ങളിൽ നടത്തുന്ന വിവരശേഖരണത്തിന്റെ ഭാഗമായി ആകെ 7421 പേരുടെ വിവരങ്ങൾ ശേഖരിച്ചു. സഹായം ആവശ്യമുള്ളവരെ ഉടൻ കണ്ടെത്തി സേവനങ്ങൾ നൽകുന്നതിനും കിടപ്പ് രോഗികൾ, ഗർഭിണികൾ, മറ്റ് ഗുരുതര അസുഖങ്ങൾ ഉള്ളവർ തുടങ്ങിയ കൂടുതൽ ശ്രദ്ധ ആവശ്യമായ ആളുകളെ കണ്ടെത്തി തുടർ നിരീക്ഷണങ്ങളും സേവനങ്ങളും നൽകുന്നതിനാണ് വിവരശേഖരണം നടത്തുന്നത്. പരിശീലനം നേടിയ ആശ പ്രവർത്തകരാണ് വിവര ശേഖരണം നടത്തുന്നത്.പുക ശ്വസിച്ചതുമായി ബന്ധപ്പെട്ട് ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർക്ക് വിദഗ്ദ ചികിത്സ ഉറപ്പുവരുത്തുന്നതിനായി സജ്ജമാക്കിയ കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ സ്പെഷ്യാലിറ്റി റെസ്പോൺസ് സെന്റർ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. മെഡിസിൻ, പൾമണോളജി, ഓഫ്ത്താൽമോളജി, പീഡിയാട്രിക്, ഡെർമറ്റോളജി എന്നീ വിഭാഗം ഡോക്ടർമാരുടെ സേവനം ഇവിടെയുണ്ട്. എക്സ്റേ, അൾട്രാസൗണ്ട് സ്കാനിംഗ്, എക്കോ, കാഴ്ചപരിശോധന എന്നിവയ്ക്കായുള്ള ഉപകരണങ്ങളും സജ്ജമാക്കി. പൊതുജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ ഈ കേന്ദ്രത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും ആരോഗ്യ പ്രവർത്തകർക്കും വോളണ്ടിയർമാർക്കും ചികിത്സക്കായി പ്രത്യേക കൗണ്ടറും സജ്ജീകരിച്ചിട്ടുണ്ട്.6 മൊബൈൽ മെഡിക്കൽ യൂണിറ്റുകളിലൂടെ 411 പേർക്ക് സേവനം നൽകി. 11 സെന്ററുകളിൽ ആരംഭിച്ച ശ്വാസ് ക്ലിനിക്കുകളിൽ 48 പേർക്ക് സേവനം നൽകി. ശ്വാസ് ക്ലിനിക്കിലെത്തുന്ന രോഗികളുടെ എണ്ണം കുറഞ്ഞ് വരുന്നതായാണ് റിപ്പോർട്ട്.

# ദുർബല വിഭാഗങ്ങൾക്ക് നീതി ലഭ്യമാക്കൽ; അഭിഭാഷക സമൂഹത്തിന് വലിയ ചുമതലയുണ്ട്



**കൊച്ചി :** ഭരണഘടന വിഭാവനം ചെയ്യുന്ന നീതി ദുർബല വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിൽ അഭിഭാഷക സമൂഹത്തിന് വലിയ ചുമതല യുണ്ടെന്ന് ' മനുഷ്യാവകാശ കമ്മീഷൻ മുൻ ആക്ടിങ് ചെയർ പേഴ്സൺ പി.മോഹനദാസ് അഭിപ്രായപ്പെട്ടു.എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സംഘടിപ്പിച്ച ലോക ഉപഭോക്തൃ ദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക നീതി സാധാരണക്കാരിൽ എത്തിക്കുന്നതിന് രണ്ട് സുപ്രധാന നിയമങ്ങൾ പ്രയോജനപ്പെടുത്തണം.ലീഗൽ സർവീസസ് അതോറിറ്റി നിയമവും ഉപഭോക്തൃ സംരക്ഷണ നിയമവും ഫല പ്രദമായി ഉപയോഗിച്ചാൽ വലിയ മാറ്റങ്ങൾ സമൂഹത്തിലുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.പുതിയ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ മീഡിയേഷൻ സംവിധാനം ഫലപ്രദമായി ഉപയോഗിച്ചാൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർക്കാൻ കഴിയുമെന്ന് കമ്മീഷൻ പ്രസിഡണ്ട് ഡി.ബി. ബിനു അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.കമ്മീഷൻ അംഗങ്ങളായ വി.രാമചന്ദ്രൻ ,ശ്രീവിദ്യ ടി.എൻ. , അഡ്വ.ടി.ജെ. ലക്ഷ്മണയ്യർ, നോഡൽ ഓഫീസർ മുഹമ്മദ് നിയാസ് എന്നിവർ പ്രസംഗിച്ചു.എറണാകുളം ഗവ. ലോ കോളേജ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ സംഘടിപ്പിച്ച അദാലത്തിൽ ഉപഭോക്തൃ കേസുകൾ തീർപ്പാക്കി.

